Copyright.
Licence No. 14.

17-6-'26

ബാലമിത്രം



പുസ്തകം ൧൨. കുംഭം, മീനം ൧൯൨൭ ലക്കം ൯, ൧൦.

Balamitrom

The Malayalam edition of the " Treasure Chest."

Annual Subscription Re. 1/- only.

For copies apply to :

The Manager,
Balamitrom, Tiruvalla,
Travancore

The Treasure Chest

An English Magazine for boys and girls.

Annual Subscription Rs. 2/-

Apply to :

Miss K. E. MUNSON, M. A.,
8 Eagles Street,
Bangalore

ബാലമിത്രം

ചിത്രങ്ങളോടുകൂടിയ
ഒരു ബാലകീയ മാസിക

വരിസംഖ്യ വിവരം

ഒരു കൊല്ലത്തേക്ക് ഒരു പ്രതിക്ക് രൂപാ				1
6 പ്രതികൾക്ക് (ഒരേ മേൽവിലാസത്തിൽ) രൂപാ				5
12 പ്രതികൾക്ക് (ഒരേ മേൽവിലാസത്തിൽ) രൂപാ				9
25	ടി	ടി	ടി	15
50	ടി	ടി	ടി	25

വരിസംഖ്യ മുൻകൂറയയ്ക്കയൊ ആദ്യത്തെ ലക്കം കിട്ടിയാലുടനെ വരിസംഖ്യ മണിയോർഡറായി അയയ്ക്കുകയോ ചെയ്യണം.


വി. പി. അയക്കണമെങ്കിൽ 4 അണ കൂടുതൽ തരേണ്ടിവരും.

സ്ഥിരം വരിക്കാരുടെ വരിസംഖ്യ എന്നു തീരുമെന്നു റാപ്പർ നോക്കിയാൽ മനസ്സിലാകും. റാപ്പറിൽ ചേർത്തിരിക്കുന്ന തീയതി വരിസംഖ്യ എന്നു തീരുമെന്നു കാണിക്കുന്നു. 4-42 എന്നു കണ്ടാൽ 1942 മാർച്ചുമാസത്തിൽ വരിസംഖ്യ തീരുമെന്നും അന്നത്തേക്കു വരിസംഖ്യ അയച്ചുതരണമെന്നുമാണർത്ഥം.

വരിസംഖ്യ, മേൽവിലാസം മാറേണ്ട വിവരം മുതലായവയ്ക്കു മാനേജർ, ബാലമിത്രം, തിരുവല്ലാ, എന്ന മേൽവിലാസത്തിൽ എഴുതുക.


വിഷയവിവരം

		പുറം.
1.	മുഖചിത്രം—ചെറിയ ചിത്രകാരൻ	74
2.	ത്യാഗപൂർവ്വമായ സേവനം	75
3.	മിഥുനത്തിനു കിഴക്ക്	76
4.	ജീവികളുടെ ബുദ്ധിശക്തി	82
5.	ഹിന്ദിപാഠമാല	84
6.	ആരോഗ്യപംക്തി—	
	(1) ആരോഗ്യംതന്നെ ധനം	88
	(2) മലബന്ധനിയും നിവാരണമാർഗ്ഗങ്ങളും	89
7.	ചില ജാലവിദ്യകൾ	92
8.	വിമാനാക്രമണമുണ്ടായാൽ	94
9.	കഥാപംക്തി—	
	തവളയായിത്തീർന്ന സുന്ദരി	94
10.	ബാലപംക്തി—	
	(1) മഠയനായ പാമ്പ്	96
	(2) അത്യാഗ്രഹിയായ രാജൻ	97
	(3) നിരക്ഷരകുക്ഷിയായ ജോൺ	97
11.	ഒരു മത്സരപരീക്ഷ	98
12.	കൊച്ചുകുഞ്ഞിനെ വായിച്ചു കേൾപ്പിക്കാൻ—	
	കൊച്ചുകുട്ടനും അവന്റെ കടലയും	98
13.	കവിതാപംക്തി—	
	(1) ഒരു വികൃതിച്ചെറുക്കൻ	100
	(2) ഒരു അത്ഭുത ജീവി	100
	(3) കുഞ്ഞുലില	കവർ പേജ് 3
14.	പത്രാധിപരുടെ എഴുത്ത്	ടി





ബറോഡായിലെ കുട്ടികളുടെ വായനശാല



ചെറിയ ചിത്രകാരൻ

ബാലമിത്രം

പുസ്തകം ഏഴു | കുംഭം, മീനം 1117. മാർച്ച്, ഏപ്രിൽ 1942. | ലക്കം ൯, ൪

ത്യാഗപൂർവ്വമായ സേവനം

നമുക്കു അന്യരോടു സ്നേഹമുണ്ടെങ്കിൽ അവരുടെപേക്ഷ പ്രയാസപ്പെടാൻ നമുക്കു സന്തോഷമുണ്ടു്. നമ്മുടെ അമ്മ നമ്മമാർ നമ്മുടെപേക്ഷ എന്തെല്ലാം ത്യാഗകൃത്യങ്ങൾ ചെയ്യുന്നുണ്ടു്. അവർക്കു നമ്മോടുള്ള സ്നേഹമാണു് അതിനു പ്രാപൂരാക്കുന്നതു്. നമുക്കും അവരോടു സ്നേഹമുണ്ടെങ്കിൽ അവരെ സന്തോഷിപ്പിക്കാൻ വേണ്ട ത്യാഗം ചെയ്യാൻ നാം സന്നദ്ധരാകും.

ദൈവം നമ്മെ സൃഷ്ടിച്ചു, നമുക്കു ജീവിക്കാൻ മനോഹരമായ ലോകത്തെ ഉണ്ടാക്കി. നമ്മെ സ്നേഹിച്ചു വളർത്തുന്നതിനു മാതാപിതാക്കന്മാരെ നമുക്കു നൽകി. നമ്മുടെ സന്തോഷത്തിനും സുഖത്തിനും വേണ്ടതെല്ലാം നമുക്കു പ്രദാനം ചെയ്തിട്ടുണ്ടു്.

യഥാർത്ഥ സ്നേഹം എവിടെയുണ്ടോ അവിടെ ത്യാഗവും ഉണ്ടു്. ദൈവവും നമുക്കുവേണ്ടി മഹത്തായ ത്യാഗകൃത്യങ്ങൾ ചെയ്യുന്നുണ്ടായിരിക്കണം. ക്രിസ്തുഭഗവാന്റെ ജീവിതവും ത്യാഗപരമായ മരണവുംകൊണ്ടു് നാം പഠിയ്ക്കുന്ന പാഠം ഇതാണു്. ദൈവം നമുക്കുവേണ്ടി ജീവിക്കുകയും അങ്ങേ ജീവൻ തന്നേ നമുക്കു പ്രദാനം ചെയ്തു നമുക്കു സൌഭാഗ്യം വരുത്തുകയും ചെയ്യുന്നു.

നമുക്കും ഈശ്വരനോടു കൃതജ്ഞതയും സ്നേഹവും ഉണ്ടാകുന്നപക്ഷം നമ്മുടെ ജീവിതത്തിൽ ത്യാഗവും ശിക്ഷണവും സ്വീകരിച്ചു അങ്ങേ സന്തോഷിപ്പിയ്ക്കാൻ ശ്രമിയ്ക്കും. നാം ഓരോ അവസരങ്ങളിൽ ചെയ്യേണ്ടതു ചെയ്യുകയും ചെയ്യരുതാത്തതു ചെയ്യാതിരിക്കുകയും ചെയ്യാം.

അന്യരെ സ്നേഹിക്കുന്നതിനും സഹായിക്കുന്നതിനും നമുക്കു ലഭിയ്ക്കുന്ന അവസരങ്ങളെ നാം ശരിയായി ഉപയോഗിക്കുന്നതുകൊണ്ടാകുന്നു നാം ദൈവത്തിനോടുള്ള സ്നേഹത്തെ പ്രകാശിപ്പിച്ചു കാണിക്കേണ്ടതു്.

നമ്മുടെ ലോകത്തിനു പൊതുവായും നമ്മുടെ രാജ്യത്തിനു പ്രത്യേകമായും ഉണ്ടായിരിക്കുന്ന ഈ ആപൽഘട്ടത്തിൽ എല്ലാ യുവജനങ്ങളും സ്നേഹപൂർവ്വമായുള്ള ത്യാഗം അനുഷ്ഠിക്കുവാൻ തയ്യാറായിട്ടിരിക്കണം. തങ്ങളുടെ സ്വന്ത ജീവനെക്കുടിയും നിസ്സാരമായി ഗണിച്ചിട്ടു തങ്ങളുടെ ശുശ്രൂഷയും സേവനവും എവിടെ അവശ്യമോ അവിടെ അവയെ നൽകുവാൻ മനസ്സും തുണിയുമുള്ളവരാകണം.

മിഥുനത്തിനു കിഴക്കു്

(ടി. കെ. ജോസഫ്, ബി. എ., എൽ. ടി.)

1. മേടവും ഇടവവും

മണി രാത്രി 9 ആയി, തീയതി മീനം 10. മുൻപിലത്തെ (മാനത്തെ മിത്രങ്ങൾ എന്ന) ലേഖനത്തിൽ പറഞ്ഞ V-യിലെ രോഹിണിക്കു 2 മാർ കിഴക്കു ചന്ദ്രൻ നില്ക്കുന്നു. പഞ്ചാംഗത്തിൽ 'ഉത്രം' എന്നു് 10-ാം നു-ക്കു് എതിരേ കാണുന്നു. ചന്ദ്രൻ ഇന്നു രോഹിണിക്കടുത്താണെന്നാകുന്നു അതിന്റെ അർത്ഥം. "അശ്വതിയും ഭരണിയും കാർത്തികക്കാലും" ചേർന്നതാണു മേടം രാശിയെന്നു കഴിഞ്ഞ ലേഖനത്തിൽ കണ്ടല്ലോ. അതുകൊണ്ടു് ചന്ദ്രൻ മേടംരാശി കടന്നു് ഇടവം രാശിയിൽ കേറി. സൂര്യൻ ഇന്നു് ഏതു രാശിയിൽ? ഇതു

മീനമാസമാകുമ്പോൾ അവൻ മീനം രാശിയിലാണ്. ആ രാശിയെവിടെ? സൂര്യനും ആ മീനംരാശിയും ഇപ്പോൾ പടിഞ്ഞാറെ ചക്രവാളത്തിനു താഴെയായിപ്പോയി; കാണ്മാൻ വയ്യാ. നേരം വെളുക്കുമ്പോൾ മീനംരാശിയും അതിൽ നിൽക്കുന്ന സൂര്യനും കിഴക്കുദിക്കും. അവക്കു മുൻപേ പെരുമീനും ബുധനും ഉദിക്കും. 5½ മണിക്കെഴുന്നേറ്റു നോക്കുവിൻ.

2. പെരുനായ്

ശനി, ചൊവ്വാ, വ്യാഴം എന്ന ഗ്രഹങ്ങളും ഒറയൺ എന്ന "നാലുമൂലചതുരപ്പെട്ടി"യും അതിനകത്തെ മുഴക്കോലും, ചതുരപ്പെട്ടിക്കു തെക്കു കിഴക്ക് സിറിയസും നിൽക്കുന്നതു കണ്ടുകൊള്ളുവിൻ. ഈ സിറിയസ് (വ്യാധൻ, വേട്ടക്കാരൻ) ഒറയൺ എന്ന നക്ഷത്രക്കൂട്ടത്തിൽ ഉൾപ്പെട്ടതല്ല, പെരുനായ് (വലിയപട്ടി, Canis Major) എന്ന പേരുള്ള കൂട്ടത്തിലുള്ളതാണ്.

മേടം, ഇടവം, മിഥുനം മുതലായ നക്ഷത്രക്കൂട്ടങ്ങൾക്കു രാശി എന്നു കൊടുത്തിരിക്കുന്ന പേര് സൂര്യന്റെ പാതയിലല്ലാത്ത പെരുനാ മുതലായ എല്ലാ നക്ഷത്രക്കൂട്ടങ്ങൾക്കും ചേരും. സംസ്കൃതത്തിൽ രാശിക്കു കൂട്ടം എന്നത്രേ. വാരാശിക്കും വാരിരാശിക്കും വെള്ളത്തിന്റെ കൂട്ടം, സമുദ്രം എന്നാണത്രേ അർത്ഥമെന്നറിയാമല്ലോ. സൂര്യന്റെ വഴിക്കുള്ള 12 രാശികളെ മറ്റുള്ള അനേകം രാശികളിൽനിന്നു വ്യത്യാസപ്പെടുത്തിപ്പറയണമെന്നു തോന്നുന്നെങ്കിൽ ആ 12-നും രാശികൾ എന്നും പെരുനാ മുതലായവയ്ക്കു "വിരാശികൾ" എന്നും പേരിട്ടുകൊള്ളാം.

പെരുനായെന്ന വിരാശിക്ക് ആ പേരിട്ടത് അതിലെ സിറിയസ് മുതലായ നക്ഷത്രങ്ങളെല്ലാംകൂടെ ചേർന്ന് ഏകദേശം ഒരു നായുടെ രൂപം ഉണ്ടായിരിക്കുന്നതുകൊണ്ടാണ്. സിറിയസ് ആ നായുടെ മൂക്കിന്റെ അറ്റമാകുന്നു. നായ് ഒറയണിന്റെ നേർക്ക് ഓടുകയാണ്. സിറിയസിന്റെ കീഴേ (അതായതു, തെക്കുപടിഞ്ഞാറ്) ഒരു മാറകലെ പ്രകാശമുള്ള ഒരു നക്ഷത്രം കാണുന്നില്ലയോ? അതു നായുടെ മുൻകാലിന്റെ അറ്റമാണ്. സിറിയസിനു മുകാൽമാറു മുകളിൽ സൂക്ഷിച്ചുനോക്കിയാൽ രണ്ടു ചെറിയ നക്ഷത്രങ്ങൾ കാണാം. അവ രണ്ടും സിറിയസും ചേർന്നു ഒരു V ആയിരിക്കുന്നു. ആ V ആകുന്നു നായുടെ തല. സിറിയസിൽനിന്നു രണ്ടു മാറകലെ തെക്കുകിഴക്ക് ഒരുപോലെ വലിപ്പമുള്ള മൂന്നു നക്ഷത്രങ്ങളുണ്ടല്ലോ. അവ > പോലിരിക്കുന്നു. ഈ മൂന്നിൽ മുകളിലത്തെതു രണ്ടും നായുടെ വാലായി. വാലിന്റെ (വലത്തെ) മൂട്ടിൽനിന്നു മറെറ നക്ഷത്രത്തിലോട്ടുള്ള വര പുറകിലത്തെ കാലായി അങ്ങനെ കഴുത്തു മുതൽ പിൻകാലുവരെ 2 മാറുനീളമുള്ള ഒരു പെരുമ്പട്ടി.

"നായുടെ വാലെണ്ണതേച്ചുഴിഞ്ഞിടിലും
പൊയ്യല്ല വക്രമായല്ലയോ കാണുന്നു"

എന്നു നിങ്ങൾ പഠിച്ചുകാണും. ഈ ആകാശനായുടെ വാല് അങ്ങനെയല്ല, പപ്പടക്കോലുപോലെ ചൊവ്വൊത്തതാകുന്നു. ഈ മൂന്നും മൂന്നും ആറു നക്ഷത്രങ്ങളും അടുത്തുള്ള പേറേ ചില ചെറിയ നക്ഷത്രങ്ങളും ചേർന്നാൽ ഒരു നായാകും എന്നു വിചാരിച്ചുകൊണ്ടു നോക്കുവിൻ; ഒരു നായെക്കാണാം. പണ്ടുള്ളവർ അങ്ങനെ കണ്ടു, ആ കൂട്ടത്തിനു നായെന്നു പേരുംകൊടുത്തു.


3. ചെറുനായ്

പെരുനായെന്നു പറയാൻ കാരണമുണ്ട്. എന്തെന്നാൽ ചെറുനാപോലുള്ള ഒരു വിരാശിയും ഉണ്ട്. അത് സിറിയസിൽനിന്ന് ആറേഴുമാറു വടക്കാണ്; സിറിയസിനും മിഥുനജോടിക്കും ഇടയ്ക്കാണ്. അതിലുള്ള വലിയ നക്ഷത്രമാണ് മുൻലേഖനത്തിൽ കാണിച്ച പ്രോസിയൺ. ഉച്ചിക്കു വടക്കുപടിഞ്ഞാറുള്ള മിഥുനരാശിയിലെ രണ്ടു വലിയ നക്ഷത്രങ്ങളായ കാസ്റ്ററിനും പോളുക്സിനും തെക്ക് പ്രോസിയണിനെ കാണുന്നു. (മണി രാത്രി 11 ആയി. ശേഷം നാളെ എഴുതാം).

4. വടക്കെ ആകാശം

1. മേടം: അശ്വതി, ഭരണി, കാർത്തിക ¼ (അതു കൊ 2¼). 2. ഇടവം: കാർത്തിക ¾, രോഹിണി, മകയിരം ½. 3. മിഥുനം: മകയിരം ½, തിരുവാതിര, പുണർതം ¾. എന്നിങ്ങനെ ആദ്യത്തെ മൂന്നു രാശികളെയും അവയിലെ നക്ഷത്രങ്ങളെയും പറ്റി മുൻ ലേഖനത്തിൽ പറഞ്ഞുവല്ലോ. ഇനി കർക്കടകം, ചിങ്ങം, കന്നി, തുലാം, വൃശ്ചികം എന്നി രാശികൾ ഈ ലേഖനംമൂലം കാണിക്കാം.

മറുവശത്തെ ആകാശപടം നോക്കണം. ആകാശത്തിന്റെ വടക്കെപ്പാതിയിലുള്ള രാശികളും വിരാശികളും അതിലുണ്ട്. ഒത്തമദ്ധ്യത്ത് (നടുക്ക്) ഒരു + കാണുന്നത് ആകാശമണ്ഡലത്തിന്റെ വടക്കെ ധ്രുവം. അതിനടുത്തുതന്നെ ഒരു വലിയ കുത്തു കാണുന്നതു ധ്രുവൻ, അല്പേക്കിൽ ധ്രുവനക്ഷത്രം. ചുറ്റുമുള്ള ഓറപരപ്പുത്തം ആകാശമ



13 : മീനം. 14 : മേടം. 10 : കാത്തിക. 9 : ഭരണി. 10—9 : ഇടവം. 8 : കാപ്പെല്ലാ. 34 : മിഥുനം. 33 : കർക്കടകം (കർക്കം, കടകം). 30 : ചിങ്ങം. 29 : കന്നി. 27-ലെ വലിയ നക്ഷത്രം ചോതി (അൽതാരം). 2 : സപ്തർഷികൾ (കലപ്പ). 2-ൻെറ വലത്ത് അമ്പു വരച്ച രണ്ടു നക്ഷത്രങ്ങളായ പുലഹന്യം ക്രതുവും ധ്രുവനെ ചൂണ്ടിക്കാണിക്കുന്നു. കലപ്പയുടെ പിടിയുടെ അറ്റത്ത് മരീചി. മരീചിയുടെ വലത്ത് വസിഷ്ഠൻ. 35 : പ്രോസിയൺ ജോടി. 21 : വേഗാ.

ഖഗോളത്തിൻെറ മദ്ധ്യരേഖ(celestial equator). ചങ്ങലപോലെ ഒരു തടിച്ചവര ആകാശത്തിൽനിന്നു വലത്തുകൂടെ വളഞ്ഞ് താഴെവന്നവസാനിക്കുന്നല്ലോ. അതാണു സൂര്യൻെറ പാത (ecliptic). സൂര്യൻ ഒരാണ്ടുകൊണ്ടു പടിഞ്ഞാറുനിന്നു കിഴക്കോട്ട് മാസംതോറും രാശികളിൽക്കൂടെ പോകുന്നെന്നു തോന്നുന്നത് (വാസ്തവത്തിൽ ഭൂമി പോകുന്നു) ഈ പാതയിൽക്കൂടെയാണ്. ചന്ദ്രൻെറയും ഗ്രഹങ്ങളുടെയും പാതയും മിക്കവാറും ഇതുതന്നെ. പൊടിയരി വാരിയെറിഞ്ഞപോലെ ഇടത്തുനിന്നു വലത്തോട്ടു നെടുകെക്കിടക്കുന്നത് നമ്മുടെ ആകാശഗംഗയാണ് (പാലാഴി).

5. മീനം മേടം ഇടവം

ഇനി സൂര്യപാതയിലുള്ള രാശികൾ കണ്ടുപിടിക്കാം. മേടമോ ഇടവമോ മിഥുനമോ തിരിച്ചറിയാമോ? പോകട്ടെ, ഓറയണിനെ കണ്ടുപിടിക്കാമോ? പറഞ്ഞുതരാം. ആ പിരാശിയുടെ വടക്കേപ്പാതിയേ ഈപ്പടത്തിലുള്ളൂ. 11 എന്നു നമ്പരിട്ടിരിക്കുന്നു. മുഴക്കോലിൻെറയും പാതിയേ ഇപ്പടത്തിലുള്ളൂ. 11 എന്ന അക്കത്തിൻെറ വലത്ത് രണ്ടു നക്ഷത്രം കാണിച്ചിരിക്കുന്നത് മുഴക്കോലിൻെറ പാതിയാണ്. മുഴക്കോലിൻെറ നടുക്കു നക്ഷത്രം മദ്ധ്യരേഖയിലാണെന്ന് ആദ്യത്തെ ലേഖനത്തിൽ (മാനത്തുനോക്കുവിൻ എ

ന്നതിൽ) പറഞ്ഞല്ലോ. അപ്പോൾ അതിന്റെ വടക്കെപ്പാതിയേ ഈ പടത്തിൽ കാണാൻ ന്യായമുള്ളൂ. ചതുരപ്പെട്ടിയായ ഒറയണിന്റെയും മുഴക്കോലിന്റെയും തെക്കെപ്പാതിയും സിറിയസും പെരുനായും തെക്കെ ആകാശത്തിന്റെ പടത്തിലേ കാണൂ.

5. മിഥുനംരാശി

9 എന്നു നമ്പരിട്ടിരിക്കുന്നതു രോഹിണി. അതിന്റെ ഇടത്തു 10 എന്നു നമ്പരുള്ളതു കാത്തികം. 14 അശ്വതി. മതി, ഇനി ഞങ്ങൾ കണ്ടുപിടിച്ചുകൊള്ളാം എന്നു തോന്നുന്നോ? എന്നാൽ ആകട്ടെ. മിഥുനംരാശിയെവിടെ? 34 എന്നു പറയുമായിരിക്കും. ശരി. അതിലുള്ള കാസ്റ്റർ ഏത്, പോളക്സേത്? 34 എന്ന അക്കത്തിന്റെ താഴെക്കാണുന്ന വലിയ പുള്ളിയാണു പോളക്സ്. കാസ്റ്റർ അതിനുമുകളിലുള്ള ചെറിയ നക്ഷത്രം. പോളക്സിന്റെ തെക്കാണല്ലോ പ്രോസിയൻ (ചെറുനാ എന്ന പിരാശിയും). പ്രോസിയണും അതിന്റെ അടുത്തുള്ള ഇണനക്ഷത്രവും ചേർന്നതിന് 35 എന്നക്കമിട്ടിരിക്കുന്നു. പോളക്സും പ്രോസിയണും സൂയ്പ്പാതയുടെ വടക്കും തെക്കുമാണെന്നു കാണുക. ഒറയണിനും മിഥുനത്തിന്റെ മേലത്തെ അറത്തിനും ഇടയ്ക്കുകൂടെ ആകാശഗംഗ കിടക്കുന്നു എന്നും കാണ്മിൻ. മേടം ഇടവം മിഥുനം ഈ മൂന്നു രാശികളും സന്ധ്യകഴിഞ്ഞ് ആകാശത്തും ഒത്തുനോക്കുവിൻ.

7. മീനത്തിൽ സൂയ്പ്പൻ

ഇപ്പോൾ സൂയ്പ്പൻ മീനംരാശിയിൽ; സൂയ്പ്പനും മീനവും പടിഞ്ഞാറസ്തമിച്ചു. പടത്തിൽ 13 എന്നക്കമിട്ടിരിക്കുന്നതാണു മീനംരാശി. അസ്തമിച്ചാലുടനേ നോക്കിയാൽ മീനംരാശിയുടെ കിഴക്കെ (മേലത്തെ) അറ്റംകാണാം. കണ്ടുപിടിക്കാമോ? പടത്തിൽ അത് ഇടംവലം നീണ്ടുകിടക്കുന്നു.

8. കർക്കടകംരാശി

33 ആണ് കർക്കടകം. ആകാശത്തു കണ്ടുപിടിപ്പിൻ. കുറേ പ്രയാസമുണ്ട്. എല്ലാം ചെറിയ നക്ഷത്രങ്ങളാണ്. (മീനം 12-ാംനു- രാത്രി $8\frac{1}{4}$ മണിക്ക് വീണ്ടും ആകാശത്തുനോക്കി എഴുതുന്നു). മിഥുനത്തിലെ കാസ്റ്റർ-പോളക്സുജോടിക്കു കിഴക്കാണ് കർക്കടകം. പോളക്സിൽനിന്നു മൂന്നുമാറ കിഴക്കു സപ്പുപ്പം തെക്കോട്ടുമാറി ഒരു ചക്രയോളമുള്ള ഒരുകൂട്ടം ചെറിയ നക്ഷത്രങ്ങൾ തേനിച്ചപൊതിഞ്ഞ തേൻകട്ടപോലെ കാണുന്നു. നിലാവില്ലാത്തപ്പോൾ അതു തെളിവായി കാണാം. ഈ കൂട്ടം (star cluster) വളരെ നക്ഷത്രങ്ങൾ അടുത്തടുത്തു നില്ക്കുന്നതാണ്. കുഴൽക്കണ്ണാടിവെച്ചു നോക്കിയാൽ അവയെ പേരുതിരിച്ചു കാണാം. തേനീച്ചക്കൂടെന്നാണ് ഈ കൂട്ടത്തിന്റെ ഇംഗ്ലീഷുപേരിന്റെ (beehive) അർത്ഥം. ഈ ഈച്ചക്കൂട്ടിൽനിന്നു വെളിച്ചം ഭൂമിയിൽ വരാൻ ഏകദേശം അഞ്ഞൂറുവർഷം വേണം. അക്കാരത്തിൽനിന്നു വെളിച്ചം ഇങ്ങുവരാൻ 38 വർഷം മതിയെന്നു മുൻപിലത്തെ ലേഖനത്തിൽ പറഞ്ഞല്ലോ. പൂയംനക്ഷത്രം കർക്കടരാശിയിലാകുന്നു. (അക്കാരത്തിനു ചോതി എന്നു പഴയ പേരുണ്ട്.)

9. ചിങ്ങം രാശി

കർക്കടകത്തിനു കിഴക്കു ചിങ്ങംരാശി കാണുന്നു. മിഥുനത്തിലെ ജോടിപോലെ ഒരു ജോടി നക്ഷത്രങ്ങൾ മിഥുനജോടിയിൽനിന്നു രണ്ടു കഴക്കോലുപാടു കിഴക്കു കാണുന്നല്ലോ. അവ ചിങ്ങത്തിലെ രണ്ടു നക്ഷത്രങ്ങളാകുന്നു. അവ തമ്മിൽ രണ്ടുമാറകലമുണ്ട്. ചിങ്ങ(സിംഹ)ത്തിന്റെ നെഞ്ചാണ് ആ ജോടി. ആ ജോടിയിൽ തെക്കേത് മകം (Regulus) നക്ഷത്രം. പടത്തിൽ 30 എന്നക്കമിട്ടിരിക്കുന്നതാണു ചിങ്ങം (സിംഹം). 30-നു വലത്ത് സൂയ്പ്പാതയിൽ കാണുന്ന വലിയ നക്ഷത്രം മകമാണ്. ഇനി ആകാശത്തു നോക്കണം. മേഘം ഇടയ്ക്കിടയ്ക്കുവന്നു മറവുണ്ടാകുന്നു. എങ്കിലും നോക്കി സിംഹത്തിന്റെ മുഴുവൻ രൂപവും കണ്ടുപിടിക്കാം. മകംചേർന്ന ജോടിക്കു വടക്കുകിഴക്ക് 4 മാറകലെ മിഥുനജോടിപോലെ തമ്മിലടുത്ത ഒരു ജോടി കാണുന്നു. അത് സിംഹത്തിന്റെ പുറക്. ഈ പുറകുജോടിയിൽനിന്ന് 3 മാറകലെ വടക്കുകിഴക്ക് ഒരു നക്ഷത്രം കാണുന്നു. അതു സിംഹത്തിന്റെ വാലിന്റെ അറ്റം. ഈ അറ്റത്തെനക്ഷത്രത്തിനു (Denebola) ഡെനിബോളാ എന്നാണു പേർ. നെഞ്ചുജോടിയിൽനിന്നും പുറകുജോടിയിൽനിന്നും കിഴക്കോട്ട് (തെക്കോട്ട്) ഉള്ള ചില ചെറിയ നക്ഷത്രങ്ങൾ ചേർന്ന് സിംഹത്തിന്റെ കാലുകളാകുന്നു എന്നു വിചാരിച്ചുകൊള്ളണം. നെഞ്ചത്തെ ജോടിയുടെ ഇടയ്ക്ക് ഒരു നക്ഷത്രമുണ്ട്. അതു നെഞ്ചിന്റെ തുമ്പാണ്. നെഞ്ചത്തെ ഈ മൂന്നു നക്ഷത്രങ്ങളിൽനിന്നു മേലോട്ട് (വടക്കോട്ട്) വളഞ്ഞു മൂന്നു നക്ഷത്രങ്ങൾ കാണുന്നതു സിംഹത്തിന്റെ തല. സിംഹം പടിഞ്ഞാറോട്ടു നോക്കുന്നു.

മീനവും മേടവും ഇടവവും മിഥുനവും കർക്കടകവും കടന്ന് സൂര്യൻ എന്നു വന്നുചേരും എന്നു നോക്കുകയാണ്. 1118-ാമാണ്ടു ചിങ്ങമാസം 5-ാം നു സൂര്യൻ മകത്തിനടുത്തുവരും. പടത്തിൽ മകംമുതൽ മേലോട്ട് പെളിച്ചപ്പാടിന്റെ വാളോ കൊയ്ത്തരിവാളോപോലെ സിംഹത്തിന്റെ നെഞ്ചും തലയും കാണുന്നു. അവിടെനിന്നു പുറകോട്ട് ഉടലും വാലും കിടക്കുന്നു.

10. കലപ്പ

സിംഹരാശിക്കു പടക്കുപടിഞ്ഞാറ് ഒരു വിരാശി കാണുന്നു. അതുകൂടെ നോക്കാം. മൻപിലത്തെ പടത്തിൽ (77-ാം പുറത്ത്) ആ വിരാശിയും ഉണ്ട്. 2 എന്നു നമ്പർ. ധ്രുവനക്ഷത്രത്തെ ചൂണ്ടിക്കാണിക്കുന്ന രണ്ടു നക്ഷത്രങ്ങൾക്കും കൊഴുവിന്റെ സ്ഥാനത്തുള്ള കലപ്പയാണത്. ഒരു മരവിയോ വാലുരുളിയോ ആണെന്നും വിചാരിക്കാം. ആകെ ഏഴു നക്ഷത്രങ്ങളുണ്ട്. ഏഴ് ഋഷികൾ നക്ഷത്രങ്ങളായി ആകാശത്തു നില്ക്കുകയാണ് എന്ന് ഹിന്ദുക്കൾ പറയുന്നു. സപ്തർഷികൾ എന്നാണ് ഈ വിരാശിക്കു പേര്. മരീചി, അംഗിരസ്സ്, അത്രി, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ എന്നീ ഏഴുപേരുമാണ് സപ്തർഷികൾ. ധ്രുവനെ കാണിക്കുന്ന രണ്ടു ചൂണ്ടുനക്ഷത്രങ്ങളിലുംകൂടെ അമ്പുവരച്ചിരിക്കുന്നതു പടത്തിൽ കാണുന്നു. ധ്രുവനെ കണ്ടുപിടിക്കുവിൻ. കലപ്പയുടെ പിടി അക്തോരത്തെ(Arcturus, ചോതി) ചൂണ്ടിക്കാണിക്കുന്നു. 77-ാം പുറത്തെ പടത്തിൽ 27-ാം നമ്പർ വിരാശിയിൽ അക്തോരം ഒരു ചെറുപയറുപോലെ കാണിച്ചിരിക്കുന്നു. (ചിങ്ങവും കലപ്പയും പെളിപ്പിനും കാണാം).

11. കൊഴുവും ധ്രുവനും

മൻപിലത്തെ പടത്തിൽ 2 എന്നു നമ്പരുള്ള കലപ്പയെയും ധ്രുവനെയും ശരിയായി കാണാം. ഏഴുനക്ഷത്രങ്ങൾക്കും വലത്തുനിന്ന് 1 മുതൽ 7 വരെ അക്കമിടണം. 2-ം 1-ം കൂടെ ധ്രുവനക്ഷത്തിലോട്ടു ചൂണ്ടുന്നു. 5-ം 7-ം കൂടെ ഏകദേശം അക്തോരത്തിലോട്ടു ചൂണ്ടുന്നു. ചിങ്ങത്തിലെ മകവും ഡെനിബോളായും കൂടെ മിക്കവാറും അക്തോരത്തിലോട്ടു ചൂണ്ടുന്നു എന്നും കണ്ടറിയുവിൻ. വൻകരടി എന്ന ഒരു വിരാശിയുടെ അംശമാണ് കലപ്പ. ധ്രുവൻ ചെറുകരടിയുടെ അംശമാണ്.

12. അരുന്ധതീദർശനം

കലപ്പയുള്ള സപ്തർഷികളെന്നാണ് ആര്യന്മാർ പേരിട്ടത്. കലപ്പപ്പിടിയിലെ 7 മുതൽ പുറകോട്ട് 1 വരെ സപ്തർഷികളെ മുറയ്ക്ക് ഓർക്കുന്നതിന് ഒരു ശ്ലോകം ഉണ്ടാക്കിത്തരാം.


മരീചിയും, വസിഷ്ഠൻ, പി-
ന്നംഗിര, സ്സത്രിയും തഥാ
പുലസ്ത്യ-ഹന്മാർ, ക്രതുവും
സപ്തർഷികൾ കലപ്പപോൽ.

പുലസ്ത്യ-ഹന്മാർ എന്നതിന് പുലസ്ത്യനും പുലഹനും എന്നു വ്യാഖ്യാനം എടുത്തുകൊള്ളണം. (2-ം, 1-ം) പുലഹനും ക്രതുവും ഒരേലയിനിൽ നിന്നുകൊണ്ടാണ് ധ്രുവനെ ചൂണ്ടിക്കാണിക്കുന്നത്. 5-ാമത്തെ ഋഷിയാണു വസിഷ്ഠൻ. (ആറാമതൃഷി, രണ്ടാമതു ചിട്ടി എന്നു ചിലർ പറയാറുള്ളതു തെറ്റാകുന്നു. ആറാമത്തെ ചിട്ടി, ആറാം ചിട്ടി എന്നിപയാണു ശരി). വസിഷ്ഠന്റെ ഭാര്യയും അടുക്കലുണ്ട്. പടത്തിൽ കാണിച്ചിട്ടില്ല. അരുന്ധതി എന്നാണു ഭാര്യയുടെ പേര്. കല്യാണം കഴിഞ്ഞാലുടനേ "പെണ്ണും മാപ്പിളയും" വസിഷ്ഠനെയും അരുന്ധതിയെയും ആകാശത്തുനോക്കിക്കാണണമെന്ന് ആര്യന്മാർക്ക് ഒരു നടപ്പുണ്ട്.

ക്രമേണ "അരുന്ധതീദർശനന്യായം" എന്നൊരു സമ്പ്രദായമുണ്ട്. മനസ്സിലാക്കാൻ അല്പമെങ്കിൽ കണ്ടുപിടിപ്പാൻ പ്രയാസമുള്ളതിനെ എളുപ്പമുള്ളതു മുഖാന്തരം കാട്ടുക എന്നത്രേ. അരുന്ധതി ചെറുത്. അതിനെ കാട്ടുന്നതിനു വലിയ നക്ഷത്രമായ വസിഷ്ഠനെ ആദ്യം കാണിച്ചിട്ടു അതിനടുത്തുള്ളത് അരുന്ധതി എന്നു പറഞ്ഞുകൊടുക്കും.

13. കന്നിരാശി

ചിങ്ങത്തിനു കിഴക്കു കന്നിരാശി. കന്നിയുടെ ഒരു ഭാഗം മാത്രം 29 എന്ന നമ്പരിട്ട് 77-ാം പുറത്തെ പടത്തിൽ കാണിച്ചിരിക്കുന്നു. 80-ാം പുറത്തെ പടത്തിൽ ചിങ്ങവും കന്നി മുഴുവനും കാണിച്ചിരിക്കുന്നു. കന്നിയിലെ നക്ഷത്രങ്ങളെ ആകാശത്തു കണ്ടുപിടിക്കുവിൻ. കന്നി (കന്യാ) രാശിയിൽ ഒരു വലിയ നക്ഷത്രമുണ്ട്. 3 എന്ന നമ്പർ. അതാണു ചിത്തിര (ചിത്രാ) നക്ഷത്രം(Spica.) ഈ മഹാരാജാവു തിരുമനസ്സിലെ ജന്മനക്ഷത്രം. ചിങ്ങത്തിന്റെ വാലിലെ ഡെനിബോളാ (4)യും അതിന് വടക്കുകിഴക്കുള്ള (1) അക്തോരവും, ഡെനിബോളായുടെ തെക്കുകിഴക്കുള്ള ചിത്തി



5—4 : ചിങ്ങം രാശി. 5 : മകം. 4 : ഡെനിബോളാ. 3 : ചിത്തിര. 8 : തെൻകുരിശ്.

രയും (3) ഒരു വലിയ ത്രികോണത്തിന്റെ മൂന്നു മൂലകളിൽ നില്ക്കുന്നു. ഇവയെ വെളുപ്പിനും കാണാം. പടത്തിൽ 8–ാം നമ്പരായി ഒരു കുരിശു കാണുന്നു. തെൻകുരിശെന്നാണു പേര്. അതു കണ്ടുപിടിപ്പിൻ.

14. തുലാവും വൃശ്ചികവും


കന്നി കഴിഞ്ഞു കിഴക്കു തുലാം. തുലാത്തിനും കിഴക്ക് വൃശ്ചികം. 81-ാം പുറത്തെ പടത്തിൽ 2 കന്നിയും, 3 തുലാവുമാണ്. 5–4 വൃശ്ചികം (തേളു്). 4 തേളിന്റെ വളഞ്ഞ വാല്. 5 തേളിന്റെ ചക്ക്. അതാണു കേട്ട (തൃക്കേട്ട) നക്ഷത്രം. ഇവയെല്ലാം വെളുപ്പിനും കാണാം. സന്ധ്യ കഴിഞ്ഞു നോക്കി കന്നിയും തുലാവും കണ്ടുപിടിച്ചുകൊൾവിൻ. (11-ാം തീയതി രാത്രി $10\frac{1}{4}$ മണിയായി).

(മീനം 11-ാം തിയതി വെളുക്കാറായി). ഇപ്പോൾ ഉദിക്കുന്നതിനു മുൻപു കാണാവുന്ന ചില രാശികളെയും വിരാശികളെയും നോക്കാം. അല്പമെഴുന്നേറ്റു നോക്കണം. കിഴക്കായി നിൽക്കുന്ന സ്നേഹിതനെ (പെരുമീനിനെ) കണ്ടേച്ചു പടിഞ്ഞാറോട്ടു നോക്കണം. സന്ധ്യ കഴിഞ്ഞു നാം കണ്ട ചിങ്ങ (സിംഹ)ത്തിന്റെ രൂപം നമ്മുടെ ഉച്ചിക്കു പടിഞ്ഞാറു കണ്ടോ? തല പടിഞ്ഞാറും വാലു കിഴക്കുമായി അവൻ കിടക്കുന്നു. അവന്റെ നെഞ്ചത്തെ വലിയ നക്ഷത്രം കണ്ടോ? അതാണു മകം (Regulus) നക്ഷത്രം എന്നു മുൻപു പറഞ്ഞല്ലോ. വാലിന്റെ അറ്റത്തു ഡെനിബോളാ (Denebola) നക്ഷത്രം കാണുന്നു. മകം വലുതും ഡെനിബോളാ അല്പം ചെറുതും ആണ്.

ചിങ്ങം രാശിക്കു കിഴക്ക്, ഉച്ചിക്കു പടിഞ്ഞാറു ഒരു വലിയ നക്ഷത്രം കാണുന്നല്ലോ. അതേത്? മുൻ ലേഖനത്തിൽ പറഞ്ഞ (ചോതി) അക്തരം (Arcturus) ആണത്. അതിന്റെ കൂട്ടുകാരായിഒന്നരണ്ടു മാറു പടിഞ്ഞാറു മൂന്നു ചെറിയ നക്ഷത്രങ്ങൾ അടുപ്പുകൂട്ടിയപോലെ കാണുന്നു. അക്തരത്തിന് അടുപ്പാണടയാളം എന്നോർത്തുകൊള്ളണം. (ചോതി, സ്വാതി).

15. ചിത്തിര നക്ഷത്രം

ചോതിക്കു തെക്കുപടിഞ്ഞാറു വളരെ അകലെ—രണ്ടുമൂന്നു കഴുക്കോല്പാടകലെ — ഒരു വലിയ നക്ഷത്രം കാണുന്നു. അതാണു ചിത്തിര (Spica) : നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ജന്മനക്ഷത്രം. തിരുമനസ്സുകൊണ്ടു തിരുവവതാരം ചെയ്യുമ്പോൾ ചന്ദ്രൻ ആ നക്ഷത്രത്തിന്റെ അടുക്കലായിരുന്നു എന്നർത്ഥം. അശ്വതിമുതൽ രേവതിവരെയുള്ള 27 നക്ഷത്രങ്ങളിൽ നടുവനാണു ചിത്തിര. (സംസ്കൃതത്തിൽ ചിത്രാ). ചിത്തിര കന്നിരാശിയിലെ പ്രധാന നക്ഷത്രമാകുന്നു. പണ്ടു ആസ്ഥാന്മാർ ചിത്തിരയെ ഒന്നാം നക്ഷത്രമായിട്ടെണ്ണിയിരുന്നു— അതായത് ആണ്ടിന്റെ ആരംഭത്തിലെ നക്ഷത്രമായിട്ട്. "ചിത്രാനക്ഷത്രം ഭവതി മുഖം വ ഏതത് സംവത്സരസ്യ" എന്നു പ്രമാണം പറയുന്നു: സംവത്സരത്തിന്റെ മുഖം ചിത്തിരയാണെന്ന്. മീനം 11-ാം തിയതി നേരം നല്ലപോലെ വെളുത്തു. ഇപ്പോ



2—1 : കന്നിരാശി. 1 : ചിത്തിര. 3 : തുലാംരാശി. 5—4 : വൃശ്ചികംരാശി. 5 : തൃക്കേട്ട. 9 : അക്തോരം, ചോതി.

ശം ഉച്ചിക്ക കിഴക്ക പെരുമീനം പടിഞ്ഞാറു (ചോതി) അക്തോരവും തെക്ക തൃക്കേട്ട നക്ഷത്രവും മാത്രം കാണുന്നു. മറ്റെല്ലാം മറഞ്ഞു, സൂര്യൻ കേറി വരുന്നു. പെരുമീനം ചോതിയും തൃക്കേട്ടയും കാലത്തു എത്രമണിക്ക മറയുമെന്നു കണ്ടുപിടിപ്പിൻ.

(12—ാംനു- നേരം വെളുക്കാറായി.) കിഴക്ക പെരുമീൻ, ഉച്ചിക്ക പടിഞ്ഞാറു അക്തോരവും അടുപ്പും. അതിനും പടിഞ്ഞാറു സിംഹം. സിംഹത്തിൽ ഡെനിബോളായും മകവും (Regulus). സിംഹത്തിനു കിഴക്ക കന്നി; അതിൽ ചിത്തിര (Spica). ചിത്തിരയും അക്തോരവും ഡെനിബോളായും ഒരു വലിയ ത്രികോണത്തിന്റെ മൂന്നു മൂലകളിൽ. അക്തോരത്തിനു വടക്കുപടിഞ്ഞാറു കലപ്പ വടക്കോട്ട്— ധ്രുവത്തിലോട്ട്— ഉഴുന്നു.

15. തുലാം തൃക്കേട്ടയും

സിംഹത്തിനെ ഒന്നുകൂടെ കാണുവിൻ. അതിനു കിഴക്ക കന്നി (മേലത്തെ പടത്തിൽ 2—1). അതിനു കിഴക്ക തുലാം. പടത്തിൽ 3 എന്നക്കം. നാലു നക്ഷത്രങ്ങൾ പ്രധാനം. ആകാശത്തു തുലാം കണ്ടുപിടിച്ചുകൊള്ളുവിൻ. തുലാത്തിനു കിഴക്ക തേൾ (തേള്) വാലു വളച്ചു കിടക്കുന്നു, അല്ലെങ്കിൽ തുലാത്തിലോട്ടു നടക്കുന്നു. അതിന്റെ ചങ്കായ വലിയ കേട്ടനക്ഷത്രം (Antares) ചുവപ്പായി മിന്നുന്നു. കേട്ടയ്ക്ക് രണ്ടു മാറു പടിഞ്ഞാറു മൂന്നു നക്ഷത്രങ്ങൾ തെക്കു വടക്ക് ഒരു വരിയായി കാണുന്നു. അവ തേളിന്റെ കൊമ്പിലാണ്. കേട്ടയ്ക്കു തെക്കു കിഴക്കു തേളിന്റെ വലിയ വാലു വളഞ്ഞു കിടക്കുന്നു. തേളിനെ കണ്ടുപിടിപ്പാൻ പ്രയാസമില്ല. 81-ാം പുറത്തെ പടത്തിലെ 4 എന്ന അക്കം തേളിന്റെ വാലിലാണ്. 5 കേട്ടയുടെ അടുക്കലാണ്. കേട്ടയ്ക്കടുത്തു പടിഞ്ഞാറുള്ള ചെറിയ നക്ഷത്രത്തിൽനിന്ന് അതിന്റെ പടിഞ്ഞാറെ മൂന്നു നക്ഷത്രങ്ങളിൽ ഓരോന്നിലോട്ടും ഓരോ വര വരയ്ക്കുണം: അപ്പോൾ തേളിന്റെ തലയും കൊമ്പും ശരിയാകും. പടത്തിൽ ഒരു വരയ കേട്ടയുടെ വലത്തുനിന്നു വരച്ചിട്ടുള്ളൂ.

ഉച്ചിക്ക വടക്ക് ഒരു കഴുക്കോലുപോലെ മാറി, ഒറ്റതിരിഞ്ഞ് ഒരു വലിയ നക്ഷത്രം കാലത്ത് 5 മണിക്കും കാണുന്നു. അതു 77-ാം പുറത്തെ പടത്തിൽ 21 എന്ന അക്കമിട്ടു കാണിച്ചിരിക്കുന്നു. അതിന്റെ പേരു വേഗാ (Vega, അഭിജിത്ത്) എന്നാണ്. അതിനടുത്ത് ആകാശഗംഗയുണ്ട്.

17. മീനവിഷു

മേടവിഷു എന്നും തുലാവിഷു എന്നുമാണു പറയാറുള്ളത്. പിന്നെയെന്താണ് മീനവിഷു എന്നു പറഞ്ഞിരിക്കുന്നത്? രാത്രിയും പകലും സമമായിരിക്കുന്ന നേരമാണു വിഷു (equinox). അതുണ്ടിൽ രണ്ടു ദിവസമേ അങ്ങനെ രാപിനും പകലിനും സമതുലമുണ്ടാകയുള്ളൂ. അതു മേടം 1—ാം തീയതിയും തുലാം 1—ാം തീയതിയും ആയിരിക്കും എന്നാണു നാടൻ കണക്ക. പണ്ടുപണ്ടു അങ്ങനെ ആയിരുന്നു. ഇക്കാലത്ത് അപ്രകാരമല്ല. മാച്ചുമാസം 20-ാം തീയതി (മീനത്തിൽ) ആയിരുന്നു ഇക്കഴിഞ്ഞ വിഷു. ഭൂമിയുടെ മദ്ധ്യരേഖയിലുള്ള സുമാത്രാ, ബോർണിയോ, സെലിബിസ്, ആമസോൺനദീപ്രദേശം, മദ്ധ്യ ആഫ്രിക്കാ മുതലായ സ്ഥലങ്ങളിലെ ആളുകൾക്ക് അന്നു നേരേ കിഴക്കു സൂര്യനുദിച്ചു; നട്ടുച്ചയ്ക്കു അവരുടെ തലയ്ക്കു മീതേക്കൂടെ കടന്നുപോയി, നേ

തേ പട്ടിണിയാറസുമിച്ചു. അന്നു പകലും രാവും എല്ലാവക്കും സമമായിരുന്നു. (നാം മദ്ധ്യരേഖയിൽനിന്ന് 8—10 ഡിഗ്രി വടക്കാണ്). ഇനി പകലേറും, രാവു കുറയും. "മേഷാദൌ പകലേ റീടും" എന്നാണു പ്രമാണം. മീനം 8—ാം തിയതി യടുത്തുതന്നേ അങ്ങനെ ഏറാം തുടങ്ങുന്നതുകൊണ്ട് 'മീനാദൌ പകലേ റീടും' എന്നാണ് ഇന്നു പറയേണ്ടത്.

ജീവികളുടെ ബുദ്ധിശക്തി

(ജോൺ ഹെൻട്രി ബി. എ.)

ജീവികളുടെ ഇടയിൽ അഡ്വാനഫലമായ സാമർത്ഥ്യംകൊണ്ടും, നൈസർഗ്ഗികമായ വാസനകൊണ്ടും ഉന്നതപദത്തെ സ്വയം സമ്പാദിച്ചിരിക്കുന്നതു മനുഷ്യനാണല്ലോ. മറ്റു ജീവികളെ അപേക്ഷിച്ചു നോക്കുമ്പോൾ മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യം അത്യന്തം അത്ഭുതകരമാണ്. ഈ വാസ്തവത്തെ സ്ഥിരീകരിക്കുവാനും, മറ്റു പ്രാണികളുടെ ബുദ്ധികൌശലത്തെ നിർണ്ണയിക്കുവാനുമായി ശാസ്ത്രജ്ഞന്മാർ പല സൂത്രങ്ങളും പരീക്ഷണപരമായി ഉപയോഗിക്കാറുണ്ട്.


നാലു ഭാഗത്തും അഴികളുള്ള ഒരു കൂടിന്നകത്തു മാംസമോ മറ്റു ഭക്ഷണസാധനങ്ങളോ വെച്ചു അതു അടയ്ക്കുക; വിശന്നു പൊരിയുന്ന ഒരു മൃഗത്തെ കൂട്ടിന്നു വെളിയിൽ, അതിന്റെ ഇഷ്ടം പോലെ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം നല്കി വിടുക. അതിന്നു പകരം മൃഗത്തിനെ കൂട്ടിന്നകത്തു അടച്ചു ഭക്ഷണം വെളിയിൽ വെക്കുകയും ആവാം. എന്നാൽ ഒന്നാമത്തെ മാർഗ്ഗമാണു കൂടുതൽ പ്രായോഗികമായിരിക്കുക. എന്തുകൊണ്ടെന്നാൽ, കൂട്ടിന്നകത്തു ബന്ധിക്കപ്പെട്ടതു മൂലമുള്ള അസ്വാസ്ഥ്യവും അസുഖവും തീർന്ന പ്രദേശത്തു അലയുന്ന മൃഗത്തിന്നു അനുഭവിക്കേണ്ടിവരികയില്ലല്ലോ. ജീവികളിൽ തന്നെ എലിയോ, അണ്ണാനോ മറ്റോ ആണെങ്കിൽ എവിടെയെങ്കിലും ഒരു ദ്വാരമുണ്ടാക്കി അകത്തു പ്രവേശിക്കുവാൻ ശ്രമിക്കും. എന്നാൽ കൂടുതൽ ആലോചനശക്തിയുള്ള നായ് കൂടു തുറക്കുന്നതിനു വേണ്ടി ചെയ്യുന്ന വിവിധ പ്രവൃത്തികൾ രസാവഹങ്ങളാണ്. മാംസം ദർശിക്കുകയും കവാടം കാണാതിരിക്കുകയും ചെയ്യുന്ന അവൻ അക്ഷമനായി, അഴികൾ തകർക്കുവാൻ ആദ്യം ശ്രമിക്കുന്നു. അഴികളുടെ ഇടയിൽക്കൂടി കരം അകത്തു കടത്തി മാംസം സ്പർശിക്കുവാനോ പിന്നീടുള്ള ശ്രമം. പരാജയപ്പെടുകയാണെങ്കിൽ കൂടിന്റെ ചേർപ്പുകളും മറ്റും അന്വേഷിച്ചു അവൻ അതിന്റെ നാലു വശവും സൂക്ഷ്മതയോടു കൂടി പരിശോധിച്ചു നടക്കും. ഇതാ, ഒരു ഭാഗത്തു എന്തോ വിശേഷതയുണ്ട്. അവൻ അവിടെ പിടിക്കുടി; അധികസമയത്തെ പരിശ്രമഫലമായി അവസാനം അവൻ കതകു തുറക്കുന്നു; ഏറ്റവും ദുഷ്കടമേറിയ സൂത്രം പോലും സാധാരണത്തിൽ മനസ്സിലാക്കി അകത്തു പ്രവേശിക്കുന്നു.

എന്നാൽ ഈ പ്രയത്നത്തിൽ അവൻ തന്റെ ബുദ്ധിശക്തി ഉപയോഗിക്കുന്നു എന്നു നമുക്കു തീർത്തുപറയുവാൻ സാധിക്കയില്ല. "അനേകം മാർഗ്ഗങ്ങളുണ്ട്. അവയിൽ ഏതെങ്കിലും ഒന്നു കതകു തുറക്കുന്നതിനു. സഹായമായി എന്നു വരാം; അതുകൊണ്ടു ഓരോ മാർഗ്ഗവും പരിശോധിക്കാം" എന്നുള്ള ഭാവത്തിലാണു നായ് ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതു്. ഈ വിവിധ മാർഗ്ഗങ്ങളിൽ കാര്യസാദ്ധ്യത്തിന്നു ഉതകിയതിനെ സ്വീകരിച്ചു മറ്റുള്ളവയെല്ലാം അവൻ ഉപേക്ഷിക്കുന്നു. അതിനു ശേഷം സദാ വിജയകരമായ ആ പാതയിലൂടെ അവൻ ചരിക്കുന്നു. ഈ പരിചയം അല്ലെങ്കിൽ തഴക്കം മൂലം, മറ്റു സന്ദർഭങ്ങളിലും പാതിൽ തുറക്കുന്നതിനു ഈ ഉപായം തന്നെ ആ നായ് യാതൊരു ചിന്തയും കൂടാതെ ആവർത്തിക്കുന്നതായിക്കാണാം. ഈ ചേഷ്ടകളിൽനിന്നു നാം ഗ്രഹിക്കുന്നതു നിയന്ത്രിതമായ പുതിയ പ്രശ്നങ്ങളെ ഏറ്റു മുട്ടുന്നതിനു ഉതകിയതായ ഒരു ബുദ്ധിശക്തി അതിനു ഇല്ലെന്നാകുന്നു. മൻപറഞ്ഞ കൂടിന്റെ കതകിൽ വല്ല വ്യത്യാസവും വരുത്തിയാൽ ബുദ്ധിമാനായ ശുനകൻ പരിഭ്രമിക്കും. പ്രഥമപരിശ്രമത്തിൽ അവൻ എത്രമാത്രം ബുദ്ധിമുട്ടിയോ, അത്രമാത്രം അവൻ പിന്നീടും അധ്വാനിക്കുന്നു. ആദ്യം കതകുണ്ടായിരുന്ന സ്ഥാനത്തു അവൻ മാന്തുകയും ദേഷ്യപ്പെട്ടു കുരയ്ക്കുകയും ചെയ്യുന്നു. അവന്റെ പ്രവൃത്തികൾ ആശ്രയിക്കുന്നതു ബുദ്ധിസാമർത്ഥ്യത്തെയല്ല; പരിചയത്തെയാണ്.

നമ്മുടെ ദിനചര്യകളിലും തഴക്കത്തിന്റെ പഴയ സുപരിചിതങ്ങളായ പാതകളെ നാം യാ

പിധ വശങ്ങളെ പ്രത്യേകം പരിശോധിച്ചു ആദ്യംതന്നെ ഒരു പരിപാടി തയ്യാറാക്കണം; അതിനുശേഷം പ്രവർത്തിക്കണം.

ലളിതമായ മറെറാരു ഉദാഹരണംകൂടി നമുക്കെടുക്കാം. പീടികെന്റ മതിലിനോടു തൊട്ട്, ഒരു വേലി കെട്ടുന്നപോലെ, ഒരു കമ്പിവല നാട്ടുക. മതിലും കമ്പിവലയും തമ്മിൽ മുട്ടിച്ചിരിക്കുകയാണ്. ഏകദേശം നാലു് അഞ്ചു് വാരനിളത്തിൽ ഈ കമ്പിവേലി കെട്ടിയതിനുശേഷം മതിലിൽനിന്നു ദൂരെയുള്ള അറ്റം ഉള്ളിലേ



ക്കു വളയ്ക്കുക. കമ്പിവലയ്ക്കു നല്ല ഉയരം ഉണ്ട്. ഒരുവശത്തു് മതിൽ, രണ്ടു ഭാഗങ്ങളിൽ കമ്പിവല, ഇപ്രകാരം വളയപ്പെട്ടിരിക്കുന്ന സ്ഥലത്തേക്കു കടക്കുവാൻ നമുക്കു ഓരോ ജീവിയെയും പ്രേരിപ്പിക്കാം. അവ എത്രമാത്രം ഈ സംരംഭത്തിൽ വിജയികളായിത്തീരുന്നു എന്നു കാണുമ്പോൾ, നമുക്കു അവയുടെ ബുദ്ധിശക്തിയെ താരതമ്യപ്പെടുത്താൻ സാധിക്കുമല്ലോ.


നമ്മുടെ പരീക്ഷണത്തിനായി, ഒരു കോഴി, ഒരു നായ്, അഞ്ചോ ആറോ വയസ്സു് പ്രായമുള്ള ഒരു ബാലൻ ഇവരെ എടുക്കാം. (1) കമ്പിവലയുടെ മൻവശത്തു് കോഴിയെ നിറുത്തി, വലയാൽ മറയ്ക്കപ്പെട്ട സ്ഥലത്തു ഒരുപിടി നെല്ലു് ഇടുകയാണെങ്കിൽ കോഴി കമ്പിവലയുടെ നേക്കു പറന്നു വൃഥാ ചിറകിട്ടടിക്കും. അനേക പ്രാവശ്യം പരാജയമടഞ്ഞിട്ടും, അതു വീണ്ടും കമ്പിയിൽ ചെന്നു മുട്ടുന്നു. അതിനു കമ്പിവലയുടെ അതിന്റെയുടെ അപ്പുറത്തു ചെന്നു നെല്ലിനെ സമീപിച്ചു തിന്നുവാൻ മാത്രമുള്ള ബുദ്ധിയില്ല. (2) നായയെ മൻവശത്തു നിറുത്തി അകത്തു ഒരു പാത്രത്തിൽ മാംസം വെക്കുകയാണെങ്കിൽ അവൻ ആദ്യം കമ്പിവലയുടെ നേക്കു ചാടും. മാംസഗന്ധം ഏറെറ് അത്യാർത്തിയോടെ അവൻ കുരയ്ക്കും, കമ്പിവലയുടെ മദ്ധ്യത്തിൽക്കൂടെ അകത്തു പ്രവേശിക്കുവാൻ പഠിച്ച പണി പതിനെട്ടും നോക്കും. എന്നിട്ടും മാംസം ലഭിക്കുന്നില്ലെന്നു് അറിയുമ്പോൾ അവൻ കമ്പിവലയെ ചുറ്റിവളഞ്ഞു അകത്തു പ്രവേശിക്കുന്നു. നായക്കു് ആദ്യം അബദ്ധമാണു് പിണയുന്നതു്. (3) നമ്മുടെ കൊച്ചനെ വലയുടെ മുമ്പിൽ നിറുത്തി അകത്തു

തൊരു ചിന്തയും കൂടാതെ തരണം ചെയ്യാറുണ്ട്. പരീക്ഷണത്തിലെ കൂടിനോടു് നമ്മുടെ ഗൃഹത്തെ ഉപമിക്കാം. നാം ഏതെങ്കിലും സംഗതിയെപ്പററി ആലോചിച്ചുകൊണ്ടിരിക്കുമ്പോഴും, യാതൊരു പ്രത്യേക ചിന്തയും കൂടാതെ നാം ശയനമുറിയിൽനിന്നു അടുക്കളയിലേക്കും, അവിടെനിന്നു് മറു മുറികളിലേക്കും നടക്കുന്നു. അതു പരിചയംകൊണ്ടു മാത്രമാണു്. കായ്ക്കാരണവിചേചനത്തിനുശേഷമല്ലല്ലോ, നാം ഒരു മുറിയിൽനിന്നു വേറൊരു മുറിയിലേക്കു പ്രവേശിക്കുന്നതു്. ആ ചേഷ്ടകൾ പെരും യാന്ത്രികങ്ങളാണു്. ഏകദേശം ഇപ്രകാരംതന്നെയാകുന്നു, നാടകവേദിയിൽ, അനേകം രാത്രികൾ ഒരു ഭാവം തന്നെ അഭിനയിക്കുന്ന നടൻെറയും സ്ഥിതി. സംഗതിവശാൽ അവൻ കാണാതെ ഉരുവിടുന്ന പ്രസംഗത്തിനു എവിടെയെങ്കിലും ഒരു പിശകു പററിയാൽ അവൻ പരിഭ്രാന്തനാകും. മലയായിലെ വനങ്ങളിൽ ഒരുതരം കാണ്ടാമൃഗമുണ്ടു്. ഒരു മാസസമയത്തിനുള്ളിൽ അതു ക്ലിപ്തമായ ഒരു പാത ഭക്ഷണസമ്പാദനത്തിനുവേണ്ടി തരണം ചെയ്യാറാണു് പതിവു്. ഈ വസ്തുത അറിഞ്ഞിട്ടില്ലാത്ത ഒരു വൈദ്യൻ ഈ കാട്ടുമൃഗത്തിൻെറ പാതയിൽ രോഗബാധിതരായ സ്നേഹിതന്മാരുടെ ഉപയോഗത്തിനുവേണ്ടി ഒരു ചെറിയ ശാല നിർമ്മിച്ചു. കാണ്ടാമൃഗം ഇര അന്വേഷിച്ചു് പുറപ്പെട്ടു. തൻെറ വഴിയിൽ ഒരു പുതിയ കെട്ടിടം കണ്ടിട്ടും യാതൊരു ക്രമവും കൂടാതെ അതു വാതിൽ കടന്നു്, രോഗികളെയെല്ലാം ഭീതിപ്പെടുത്തി വീണ്ടും തൻെറ യാത്ര തുടർന്നു. ഇതിൽനിന്നെല്ലാം തഴക്കത്തിൻെറ ശക്തിയാണു് നാം മനസ്സിലാക്കുന്നതു്.

മനുഷ്യനിലായാലും മൃഗത്തിലായാലും പരിചയംമൂലമുള്ള യാന്ത്രിക ചേഷ്ടകളിൽ ഗണ്യമായ വ്യത്യാസം ഒന്നുംതന്നെ ഉണ്ടായിരിക്കുകയില്ല. എന്നാൽ മനുഷ്യനു്, വിഷമസന്ധികളിൽ ആലോചിച്ചു പ്രവർത്തിക്കുവാനുള്ള സ്വതന്ത്രബുദ്ധിയും പ്രാപ്തിയും ഉണ്ടു്. അതിനുള്ള കാരണം മനുഷ്യസ്വഭാവവും മൃഗസ്വഭാവവും തമ്മിലുള്ള അന്തരമാണെന്നു പറയുന്നതു അബദ്ധമായിരിക്കും. ഒരു പ്രശ്നത്തെത്തന്നെ ഇരുവരും അഭിമുഖീകരിക്കുന്ന മാർഗ്ഗത്തിലാണു് വ്യത്യാസം കാണപ്പെടുന്നതു്. മൃഗങ്ങൾ, സ്വന്തമാർഗ്ഗങ്ങളും പരിക്ഷിച്ചു്, അവയിൽ ഒരെണ്ണം വിജയകരമായിത്തീരും എന്ന ആശയോടുകൂടി പ്രവർത്തിക്കുന്നവയാകുന്നു. എന്നാൽ മനുഷ്യരാകട്ടെ പ്രശ്നത്തിൻെറ വി

ഒരു നല്ല പാത്രത്തിൽ മാമ്പഴം വെക്കുകയാണെങ്കിൽ അവൻ വേഗം കമ്പിപല ചുറ്റിയോടി, മാമ്പഴം വയറിലാക്കും. കൊച്ചുണ്ണ് അവന്റെ മാഴ്ത്തെപ്പറ്റി ഒരു സംശയവുമില്ല. അവന്റെ ബുദ്ധി അതിവേഗത്തിലും അതികൗശലത്തോടു കൂടിയും പ്രവർത്തിക്കുന്നു.

പക്ഷി, മൃഗം, മനുഷ്യൻ ഇവ ഒരേ ഒരു പ്രശ്നത്തെത്തന്നെ അഭിമുഖീകരിക്കുന്ന സന്ദർഭങ്ങളിലുള്ള വ്യത്യാസംകൊണ്ട് നമുക്ക് അവയുടെ ബുദ്ധിശക്തിയിലുള്ള ഏറ്റക്കുറവ് മനസ്സിലാക്കാം.



ഹിന്ദി പാഠമാല

(വൈക്കം എൻ. എസ്സ്. പ്പൈ, രാ. ഭാ. വിശാരദ്)

പാഠം 5.

ഏക് = ഒന്ന
ദോ = രണ്ട്
തീൻ = മൂന്ന്
ചാർ = നാല്
പാംച = അഞ്ച്
ഛഃ = ആറ്
സാത് = ഏഴ്
ആഠ് = എട്ട്
നൗ = ഒൻപത്
ദസ് = പത്ത്

പേഡ് പർ ആം ഫൽ ഹൈ
ഏക് ബഞ്ച് പർ ചാർ വിദ്യാർത്ഥി ഹൈ.

ഗ്യാരഹ് 11
ബാരഹ് 12
തേരഹ് 13
ചൗദഹ് 14
പന്ദ്രഹ് 15
സോലഹ 16
സത്രഹ് 17
അഠാരഹ് 18
ഉന്നിസ് 19
ബിസ് 20
ഇക്കീസ് 21
ബായിസ് 22
തേയിസ് 23
ചൗബിസ് 24
പച്ചീസ് 25
ഛബ്ബിസ് 26
സത്താഈസ് 27
അഠാഈസ് 28
ഉൻതീസ് 29
തീസ് 30
ഇക്തിസ് 31
ബത്തിസ് 32
തൈംതിസ് 33
ചൗംതിസ് 34
പൈംതിസ് 35
ഛത്തീസ് 36
സൈംതിസ് 37
അഡ്തിസ് 38
ഉൻചാലിസ് 39
ചാലിസ് 40
ഇക്താലിസ് 41
ബയാലിസ് 42
തൈംതാലിസ് 43
ചവാലിസ് 44
പൈംതാലിസ് 45

ചയാലീസ് 45
സൈംതാലീസ് 47
അഡ്താലീസ് 48
ഉൻചാസ് 49
പചാസ് 50

വിദ്യാലയ് മെ പന്ദ്രഹ് വിദ്യാർത്ഥീ ഹൈ.
മന്ദിർ മെ ഇക്താലീസ് ആദ്മീ ഹൈ.

സാഠ് 50
സത്തർ 70
അസ്സീ 80
നബ്ബെ 90
സൌ 100

ഏക്, ദോ എന്നിങ്ങനെ യഥാക്രമം സൌ വിന് മുൻപ് ചേർത്ത് ഒരുനൂറ്, ഇരുനൂറ് എന്നിങ്ങനെ നൂറിന്റെ ഗുണിതങ്ങൾ ഉപയോഗിച്ചുകൊള്ളണം.

ഏക് സൌ 100
തീൻ സൌ 300
നൌ സൌ 900
പന്ദ്രഹ് സൌ 1500

ഹജാർ=ആയിരം

ഏക് ഹജാർ, പാംച് ഹജാർ എന്നിങ്ങനെ ആയിരത്തിന്റേയും ഗുണിതങ്ങൾ ഉണ്ടാക്കാം.

ലാഖ്=ലക്ഷം
ദോലാഖ്=രണ്ടു ലക്ഷം
സാത് ലാഖ്=ഏഴു ലക്ഷം
കരോഡ്=കോടി
പാംച് കരോഡ്=അഞ്ചു കോടി.

സംഖ്യകൾ വായിക്കുന്നതിന് സ്ഥാനവലിപ്പം മനസിലാക്കി ഇടത്തുനിന്നും വലത്തോട്ട് ഇരുആയിരം ഇരുനൂറ് എന്നിങ്ങനെ വേണ്ടതാകുന്നു.

229 ദോ സൌ ഉൻതീസ്.
732 സാത് സൌ ബത്തീസ്.
1111 ഏക് ഹജാർ ഏക് സൌ ഗ്യാരഹ്.
1118 ഏക് ഹജാർ ഏക് സൌ അഠാരഹ്.
1942 ഏക് ഹജാർ നൌ സൌ ബയാലീസ്.
3737 തീൻ ഹജാർ തീൻ സൌ സൈംതീസ്.
29548 ഉന്നീസ് ഹജാർ പാംച് സൌ അഡ്താലീസ്.

132049 ഏക് ലാഖ് ബത്തീസ് ഹജാർ ഉൻചാസ്.
940231 നൌ ലാഖ് ചാലീസ് ഹജാർ ദോ സൌ ഇക്തീസ്.

സംവത്സർ
വർഷ്
സൻ } സംവത്സരം.

ഇത്രാം വർഷം എന്നു പറയുന്നതിന് സംവത്സർ അഥവാ സൻ ഇത്ര എന്നു പറഞ്ഞുകൊണ്ടാൽ മതി.

സംവത്സർ ഏക് ഹജാർ ദോ സൌ= 1200-ാം വർഷം.
സംവത്സർ ബത്തീസ്=32-ാമാണ്ട്.
സൻ ഏക് ഹജാർ നൌ സൌ ബയാലീസ്=1942-ാം വർഷം.
സൻ ഏക് ഹജാർ ഏക് സൌ അഠാരഹ്=1118-ാമാണ്ട്.
പഹലാ=ആദ്യത്തെ, ഒന്നാമത്തെ.
ദൂസരാ=രണ്ടാമത്തെ.
തീസരാ=മൂന്നാമത്തെ.
ചൌഥാ=നാലാമത്തെ.
പാംചവാം=അഞ്ചാമത്തെ.
ഛടവാം=ആറാമത്തെ.

ഇതുപോലെ ബാക്കി എണ്ണങ്ങളോടും വാം ചേർത്ത് സ്ഥാനവിലപ്പട്ടെ കുറിക്കാവുന്നതാണ്.

പാഠ്
സബക് } പാഠം

യഹ് പാംച വാം പാഠ് ഹൈ.
ഇതു് അഞ്ചാമത്തെ പാഠമാണ്.

യഹ് ചൌദഹ വാം സബക് നഹീ ഹൈ.
ഇതു പതിനഞ്ചാമത്തെ പാഠമല്ല.

യഹ് ബയാലീസവാം വർഷ് തെഹ.
ഇതു് 42-ാം വർഷമാണ്.

വഹ് സാതവാം പാഠ് ഹൈ
യഹ് പഹലാ സബക നഹീ ഹൈ.
രാം ദശരഥ് കാ പഹലാ ബേടാ ഹൈ.
ഭരത് ദൂസരാ ലഡ്കാ ഹൈ.
രാമചന്ദ്ര് വർഗ മെ പഹലാ ഹൈ.
യഹ് പുസ്തക് കാ പഹലാ കാഗജ് ഹൈ.

സമയ്=സമയം
കാല്=കാലം
ദിൻ=ദിവസം, പകൽ

സപ്താഹ് } =ആഴ്ച
ഹഫ്ത } =ആഴ്ച
മഹീനാ=മാസം
പഹർ=യാമം
സവേരാ=പ്രഭാതം
ദോപഹർ=ഉച്ച
× ശാം=സന്ധ്യ
× രാത്=രാത്രി
ഐതവാർ=ഞായർ
സോമവാർ=തിങ്കൾ
മംഗൽവാർ=ചൊവ്വ
ബുധവാർ=ബുധൻ
ഗുരുവാർ=വ്യാഴം
ശുക്രവാർ=വെള്ളി
ശനിവാർ=ശനിയാഴ്ച
ചൈത്=മേടം
വൈശാഖ്=ഇടവം
ജേഠ്=മിഥുനം
അസാഢ്=കർക്കടകം
സാവൻ്=ചിങ്ങം
ഭാദ്രപദ്=കന്നി
ആശ്വിൻ=തുലാം
മാർഗ്ഗശീർഷ്=ധനു
പൌഷ്=മകരം
മാഘ്=കുംഭം
ഫാൽഗുൻ=മീനം
ആജ്=ഇന്ന്
കൽ=ഇന്നലെ, നാളെ
പരസോം=മിനിഞ്ഞാന്ന്, മറ്റന്നാൾ
ആജ്കൽ=ഇപ്പോൾ

ആജ് ശനിവാർ ഹൈ
ഇന്ന് ശനിയാഴ്ചയാകുന്നു.

കൽ ബുധവാർ നഹീ ഹൈ
നാളെ ബുധനാഴ്ചയല്ല.

പരസോം സോമവാർ ഹൈ
മറ്റന്നാൾ തിങ്കളാഴ്ചയാണ്.

ആജ് മാഘ് കാ പന്ദ്രഹവാം ദിൻ ഹൈ
ഇന്ന് കുംഭമാസത്തെ പതിനഞ്ചാം ദിവസമാണ്.

യഹ് ഏക് ഹജാർ നൌ സൌ ബയാലീ [സവാം വർഷ് കാമാഘ മഹിനാ ഹൈ.
ഇത് 1942-ലെ കുംഭമാസമാണ്.

വർഗ് മെ തീസ് വിദ്യാർത്ഥി ഹൈ.
വർഗ് മെ ആജ്കൽ വിദ്യാർത്ഥി നഹീ [ഹൈ

ദൈനിക്=ദിനത്തെ സംബന്ധിച്ച, ദിവസപ്പത്രിപ്പ്.
"മലയാളരാജ്യം" ഏക് ദൈനിക് ഹൈ.
"ദീപിക" ഏക് ദൈനിക് ഹൈ.
"വിശ്വമിത്ര്" ഏക് ഹിന്ദി ദൈനിക് [ഹൈ.

സാപ്താഹിക്=ആഴ്ചയെ സംബന്ധിച്ച, ആഴ്ചപ്പത്രിപ്പ്.
"മാതൃഭൂമി" ഏക് സാപ്താഹിക് ഹൈ.
"ഭാഷാപോഷിണി" ഏക് സാപ്താഹിക് [ഹൈ.
"ബാലമിത്ര്" ഏക് സാപ്താഹിക് നഹീ [ഹൈ;
ബാലമിത്ര് ഏക് മാസിക് ഹൈ.
മാസിക്=മാസത്തെ സംബന്ധിച്ച, =മാസിക.
വാർഷിക്=വർഷത്തെ സംബന്ധിച്ച, =വാർഷികപ്പത്രിപ്പ്.
മേഘ്പർ ഏക് വാർഷിക് കിതാബ് [ഹൈ.

× ദിശാ=ദിക്ക്
പൂരബ്=കിഴക്ക്
പശ്ചിമ്=പടിഞ്ഞാറ്
ഉത്തര്=വടക്ക്
ദക്ഷിണ്=തെക്ക്

പൂരബ് ദിശാ മെ സൂരജ് ഹൈ.
കിഴക്കുദിക്കിൽ സൂര്യൻ ഉണ്ട്.
ആജ്കൽ ചാന്ദ് നഹീ ഹൈ.
ഇപ്പോൾ ചന്ദ്രനില്ല.

ക്യാ ആജ്കൽ പാഠശാലാ ഹൈ ?
ഇപ്പോൾ പള്ളിക്കൂടമുണ്ടോ ?
ക്യാ ഉത്തര് ദിശാ മെ ധ്രുവ് ഹൈ ?
വടക്കുദിക്കിൽ ധ്രുവനുണ്ടോ ?

× സബ്ജീ=സസ്യം
× തർക്കാരി=പച്ചക്കറി
വൈംഗൻ=വഴുതനങ്ങ
കരേലാ=പാവയ്ക്ക
ചിംചിഡാ=പടവലങ്ങ
ഭിംഡി=വെണ്ടക്ക
× കകഡി=വെള്ളരിക്ക
കടഹൽ=ചക്ക
ആം=മാങ്ങ

അനന്നാസ്=പിരുത്തിത്തച്ച
(കൈതച്ചക്ക)
× ജൂഫ്=കരിമ്പ്.
ഷർ മെ കകഡി നഹീ ഹൈ
വീട്ടിൽ വെള്ളരിക്കയില്ല.
ഗാഡിമെ കരേലാ ഹൈ
വണ്ടിയിൽ പാവക്കയാണ്.
മേവാ=ഉണക്കിയ പഴവർഗ്ഗം.
ഖജൂർ=ഈന്തപ്പഴം.
കിസ്മിസ്=കുരുവില്ലാ മുന്തിരിങ്ങ.
അംജീർ=അത്തിപ്പഴം.
× ഗരീ=കൊപ്ര
× ദുകാൻ=കട,
യഹ് രാം കീ ദുകാൻ ഹൈ.
യഹ് ഗരീ കീ ദുകാൻ ഹൈ.
ഇത് കൊപ്രാക്കടയാണ്.
യഹ് കൃഷ്ണ് കീ ഗരീകീ ദുകാൻ ഹൈ.
ദുകാൻ മെ അംജീർ നഹി ഹൈ.
കിസ്മിസ് ഷർ മെ നഹി, ദുകാൻ മെ
[ഹൈ.
അനാജ്=ധാന്യം.
ധാന്=നെല്ല്.
× മൂംഗ്=ചെറുപയർ.
× അരഹർ=തുവര.
മടർ=മട്ടാണി.
× ശ്രയി=പരുത്തി.
തില്=എള്ള്.
സാബുദാനാ=ചവ്വെരി.
×മകയി=മക്കാച്ചോളം.
ഹാഥ് മെ തില് ഹൈ.
കൈയിൽ എള്ളുണ്ട്.
തിൽ മെ തേൽ ഹൈ.
എള്ളിൽ എണ്ണയുണ്ട്.
ദുകാൻ മെ സാബുദാനാ ഹൈ
ആഫീസ്മെ മകയി നഹീ ഹൈ.

× ധാതു=ലോഹം
സോനാ=സ്വർണ്ണം
ലോഹാ=ഇരുമ്പ്
പിതൽ=പിച്ചള
× ചാംദി=വെള്ളി
കാസാ=ഓട്
താമ്പാ=ചെമ്പ്
രംഗ്=നിറം
കാലാ=കറുപ്പ്
നീലാ=നീല
ദൂരാ=തവിട്ട്നിറം
ഹീരാ=പച്ച
ലാൽ=ചുവപ്പ്
സഫേദ്=വെ ത്ത
പീലാ=മഞ്ഞ

നിറങ്ങളുടെ പേരുകൾ കറുപ്പുനിറമുള്ള, വെ
ളുത്ത എന്നിങ്ങനെ നാമവിശേഷങ്ങളായിട്ടും ഉ
പയോഗിക്കുക.

കാഗജ് സഫേദ് ഹൈ.
യഹ്സഫേദ് കാഗജ് ഹൈ.
ലാൽ പുസ്തക് മേസ് പർ നഹീ ഹൈ.

ജാനവർ=മൃഗം
ഹാഥീ=ആന
ഘോഡാ=കുതിര
ഉൂട്=ഒട്ടകം
കുത്താ=പട്ടി
ഭൈംസ്=എരുമ
ബാഘ്=കടുവ
ശേർ=സിംഹം
ഖർഗോശ്=മുയൽ
ബാരഹസിംഗാ=കലമാൻ
ഗിദഡ്=ചെന്നായ്
ഗിൽഹരി=അണ്ണാൻ
മേഢക്=തവള
ബന്ദർ=കുരങ്ങ്.
× മഛലീ=മത്സ്യം
സാംപ്=സർപ്പം
സോനാ പീലാ ഹൈ.
സ്വർണ്ണം മഞ്ഞയാണ്.
ചാംദി സഫേദ് ഹൈ.
പിതൽ പീലാ ഹൈ.
യഹ് ലാൽ രംഗ്കീ കിതാബ് ഹൈ.
താലാബ് മെ ക്യാ ഹൈ?
താലാബ് മെ പാനീ ഹൈ.
താലാബ് മെ മഛലീ ഹൈ.
യഹ് രാം കാ കുത്താ ഹൈ.
രാം കാ കുത്താ സഫേദ് രംഗ് കാ ഹൈ.
മന്ദിർ മെ പാംച് ഹാഥീ ഹൈ.

അഭ്യാസം 5.

I അക്കത്തിലെഴുതുക.

ഉന്നീസ്, ബത്തീസ്, ഛോ സൌ, ബ
യാലിസ്, ചാർലാഖ്, പാംച് ഹ

ജാർ, ചാർ ഹജാർ തീൻ സൌ, ആ
ക്ലാല് ആംഠരഹ്, പന്ദ്രഹ് ഹജാർ
സൌ സൌ ഇക് തീസ്, സോലഹ്
സൌ പൈംതാലീസ്.

II അക്ഷരത്തിലെഴുതുക.

17, 19, 50, 127, 379,
1118, 1117, 1940, 1942, 1943,
370901, 589531, 87054321,
12345508, 3709, 1729.

III ഹിന്ദിയിലേക്കു പരിഭാഷപ്പെടുത്തുക.

(1) ഒരു തെങ്ങുണ്ട്.
(2) തെങ്ങിൽ പത്തു തേങ്ങയുണ്ട്.
(3) തെങ്ങിന്മേൽ ഒരു കുരങ്ങുണ്ട്.
(4) തറയിൽ ഒരദ്ധ്യാപകൻ ഉണ്ട്.
(5) തറയിൽ 25 വിദ്യാത്ഥികൾ ഉണ്ട്.
(5) പുസ്തകത്തിലെ കടലാസുകൾ വെള്ള
[യാണ്.
(7) പഴത്തിന്റെ നിറം മഞ്ഞയാണ്.
(8) പച്ചക്കറി പച്ചനിറമാണ്,
(9) മേശപ്പുറത്ത് ഒരു പക്ഷിയില്ല.
(10) ഇവൻ രാമന്റെ സഹോദരിയുടെ ഒ
രു മകനാണ്.

IV ഒന്നു മുതൽ അൻപതുവരെയുള്ള അ
ക്കങ്ങൾ സൂക്ഷ്മമായി പരിശോധി
ച്ച് അതിൽ നിങ്ങൾ കാണുന്ന സാ
ധാരണ നിയമം മനസ്സിലാക്കുവാൻ
ശ്രമിക്കുക. അൻപതിനു മേലുള്ള
അക്കങ്ങൾ പറയാൻ സാധിക്കുമോ
എന്ന് പരിശോധിക്കുകയും, ശരി
യോ എന്നറിയുന്നതിന് ബാക്കിഭാഗം
ലഭിക്കുന്നതുവരെ സൂക്ഷിച്ചു വയ്ക്ക
കയും ചെയ്യുക.

ആരോഗ്യപംക്തി

1. ആരോഗ്യം തന്നെ ധനം

ഒരുവന്റെ ആരോഗ്യത്തിന് അയാൾ ഉപ
യോഗിക്കുന്ന ആഹാരവുമായി ചില ബന്ധമുണ്ട്. വിദഗ്ധന്മാർ തത്സംബന്ധമായ അറിവുകൾ ല
ഭിക്കുന്നതിനു പല പരീക്ഷണങ്ങളും നടത്തി
ക്കൊണ്ടാണിരിക്കുന്നത്. അതുമൂലം പ്രയോജന
കരമായ പല അറിവുകളും ലഭിച്ചിട്ടുണ്ട്. ഇൻ
ഡ്യയിലെ ആഹാരരീതിയിൽ പഞ്ചാബിലേതാ
ണ് ഏറ്റവും നന്ന്. പഞ്ചാബികളുടെ ആഹാ
രത്തിൽ തൈർ, മാംസം, മരക്കറികൾ, ഗോത
മ്പപ്പം മുതലായവയാണ് പ്രധാന വിഭവങ്ങൾ.
ഈ ആഹാരം എലികൾക്കു കൊടുത്തു പരീക്ഷി
ച്ചതിൽ അവയ്ക്കു നല്ല വലിപ്പമുണ്ടായതായി കാ
ണപ്പെട്ടു.

മദ്രാസ് പ്രസിഡൻസിയിൽ ജനങ്ങളുടെ പ്ര
ധാന ആഹാരം നെല്ലരിച്ചോറാണ്. അതോടു
കൂടി മുളക്, പുളി മുതലായതും മിക്കവരും ഉപ
യോഗിക്കുന്നുണ്ട്. മത്സ്യം ഉപയോഗിക്കുന്നവ
രുടെ സംഖ്യയും കുറവല്ല. ഈ ആഹാരം മൂലം
പോഷിപ്പിക്കപ്പെട്ട എലികൾ നല്ല ആരോഗ്യമു
ള്ളതായിതീർന്നു. പക്ഷേ, അവയ്ക്കു വലിപ്പാ ധി
കം ഉണ്ടായില്ല.

ജപ്പാൻകാർ നീളക്കുറവുള്ളവരാണ്. അതൊ
രു വലിയ കുറവായി അവർ കരുതുന്നു.
അവരുടെ ആഹാരത്തിൽ ലവണങ്ങളും ജീവകം
എ. അടങ്ങിയ സാധനങ്ങളും കുറവാണെന്നു
ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഈ അം
ശങ്ങൾ ധാരാളമുള്ള സാധനങ്ങൾ ഉപയോഗി
ച്ചു കുട്ടികൾ മറ്റുള്ള കുട്ടികളേക്കാൾ വലിപ്പവും
ബലവും ഉള്ളവരായി കാണപ്പെട്ടു. ചുണ്ണാമ്പ്,
ഇരുമ്പ് മുതലായ ലോഹാംശങ്ങൾ അടങ്ങിയ
പദാർത്ഥങ്ങൾ ഇൻഡ്യാക്കാരുടെ ഭക്ഷണത്തിൽ
ധാരാളമുണ്ട്. പാലിൽ ചുണ്ണാമ്പിന്റെ അം
ശം വളരെയുണ്ട്. പച്ചിലക്കറികളിൽനിന്നും
ഇതു ധാരാളം കിട്ടും. മുരിങ്ങയില ഇക്കാര്യ
ത്തിൽ വളരെ വിശേഷമാണ്. ഗോതമ്പ്, പ
യർവർഗ്ഗങ്ങൾ എന്നിവയിൽ ഇരുമ്പിന്റെ അം
ശം അടങ്ങിയിരിക്കുന്നു. മൃഗക്കൊഴുപ്പ്, പാൽ,
തൈർ, നെയ്യ്, മുട്ടയുടെ പൊതുത്ത ഭാഗം, മത്സ്യം
മുതലായവയിൽനിന്നു ജീവകം എ. ലഭിക്കുന്ന
താണ്. പച്ചില, മാങ്ങാ, ഓമയ്ക്കാ, തക്കാളി
ക്കാ, മധുരനാരങ്ങാ മുതലായ പഴങ്ങളും ജീവകം
എ. ധാരാളമുണ്ട്.

തെക്കേഇൻഡ്യയിൽ പലരും കുടൽരോഗം ബാധിച്ചവരാണ്. അന്നാംശപ്രധാനമായ ഭക്ഷണമാണ് അതിന്റെ ഒരു കാരണം. മദ്രാസ് പ്രസിഡൻസിയെപ്പറ്റി പൊതുവേ പറയുകയാണെങ്കിൽ നെല്ലരിച്ചോറാണ പ്രധാന ഭക്ഷണം. അതിനാൽ മേല്പറഞ്ഞ രോഗം അവിടെ ഒട്ടും കുറയാൻ തരമില്ല. തിരുവിതാംകൂറിലെ സ്ഥിതി ഇതിലും കഷ്ടമാണ്. കപ്പക്കിഴങ്ങ് അവിടെ ഭക്ഷണമായി ധാരാളം ഉപയോഗിക്കപ്പെടുന്നു. കപ്പക്കിഴങ്ങു നെല്ലരിയേക്കാൾ അന്നാംശപ്രധാനമാണ്. മദ്രാസിലെ ഭക്ഷണം കൊടുത്തു വളർത്തിയ എലികളിൽ പതു ശതമാനത്തിനു കുടൽരോഗം പിടിപെട്ടു. തിരുവിതാംകൂറിലെ ഭക്ഷണം കൊടുത്തു വളർത്തിയ എലികളിൽ 25 ശതമാനത്തിനും കുടൽരോഗമുണ്ടായി.

കുടൽരോഗം എന്നു പറഞ്ഞതു കുടലിൽ ഉണ്ടാകുന്ന ഒരു വക കുരുക്കളെ ഉദ്ദേശിച്ചാണ്. 180 ദിവസം തുടച്ചയായി ഇങ്ങനെയുള്ള ഭക്ഷണം കഴിക്കാമെങ്കിൽ ഈ കുരുക്കൾ ഉപദ്രവകരമായ വ്രണമായിത്തീരുന്നു. അതിനിടയ്ക്ക് ഭക്ഷണത്തിൽ എന്തെങ്കിലും വ്യത്യാസം വരുത്തുകയാണെങ്കിൽ കുരുക്കൾ ഇല്ലാതെയാവുകയും ചെയ്യും.


ദേഹത്തു് എന്തെങ്കിലും വ്രണമുണ്ടായാൽ അതു പോഷണത്തിൽ ഉണങ്ങണമെങ്കിൽ ജീവകം എ. അടങ്ങിയ സാധനങ്ങൾ ഭക്ഷിക്കേണ്ടതാണ്. ചിലർക്കു രാത്രികാലങ്ങളിൽ കണ്ണു കാണാൻ പാടില്ലാത്തതിന്റെ കാരണവും ജീവകം എ. യുടെ കുറവത്രേ. പാൽ, പച്ചിലക്കറികൾ മുതലായവ ഉപയോഗിച്ചാൽ ഈ ന്യൂനതകൾ കുറേ പരിഹരിക്കാം. മസാലയും മാറും കൂടുതൽ ചേർത്തുണ്ടാക്കുന്ന ഭക്ഷണസാധനങ്ങൾ ദഹനേന്ദ്രിയങ്ങൾക്കു് ഉപദ്രവം ചെയ്യുന്നതാണ്. കുടലുകൾക്കു ഭക്ഷണത്തിലെ പോഷകാംശങ്ങൾ വലിച്ചെടുക്കാനുള്ള ശക്തി കുറഞ്ഞുപോകാനും പേരെ കാരണമൊന്നും വേണ്ടാ. അങ്ങനെയാകുമ്പോൾ ശരീരത്തിനാവശ്യമായ പോഷകാംശങ്ങൾ ലഭിക്കുന്നതിനായി ധാരാളം ഭക്ഷിക്കേണ്ടതായി വരും. മസാലയുടെ വില ഒട്ടും കുറവല്ല. അഥവാ അതിനു വില കുറവാണെങ്കിൽത്തന്നെയും അതുമൂലമുണ്ടാകുന്ന ഉപദ്രവങ്ങൾ ഓർത്തു് അതു ഉപേക്ഷിക്കുകയാണു നല്ലതു്.

2. മലമ്പനിയും അതിന്റെ നിവാരണമാർഗ്ഗങ്ങളും

ഇൻഡ്യയിലെ സാധാരണ രോഗങ്ങൾ എന്നു ഗണിക്കപ്പെട്ടിരിക്കുന്ന മസൂരി, പ്ലേഗ്, സന്നിപാതജ്വരം, ക്ഷയം ആദിയായവയുടെ കൂട്ടത്തിൽ മലമ്പനി സാധാരണയായി ഉൾപ്പെട്ടതായിട്ടില്ല. എന്നു തന്നെയല്ല, ഇൻഡ്യയിലെ ജനങ്ങൾക്കു പറയത്തക്ക ഹാനി വരുത്തുന്ന ഒരു ദിനമായിട്ടപോലും ഇതിനെ കണക്കാക്കിയിട്ടു വളരെ കുറച്ചുകാലം മാത്രമേ ആയിട്ടുള്ളു. എന്നാൽ ഭാരതത്തിൽ,—എല്ലാ മണിക്കൂറിലും—രാവും പകലും—വർഷം മുഴുവൻ—മലമ്പനി കൊണ്ടു് ഒരു മിനിറ്റിൽ മൂന്നുപേർ വീതം മരിക്കുന്നു എന്നു പറയുമ്പോൾ മലമ്പനി ചെയ്യുന്ന നാശത്തിന്റെ വ്യാപ്തി ഏറക്കുറെ മനസ്സിലാക്കാമല്ലൊ. പക്ഷേ മലമ്പനി വരുന്നവരിൽ നൂറിൽ ഒരാൾ മാത്രമേ മലമ്പനിയാൽ മരിക്കുന്നുള്ളു എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ കണക്കിൻപ്രകാരം ഇൻഡ്യയിൽ പത്തിലൊരംശം ജനങ്ങൾ എങ്കിലും മലമ്പനി ബാധിച്ചവരാണു. പ്രാസൂവം ഇപ്രകാരമിരിക്കെ മലമ്പനിയെ നിസ്സാരമായി കരുതുന്നതിന്റെ കാരണം എന്തു് ?

മസൂരി, പ്ലേഗ മുതലായ രോഗങ്ങൾ ക്ഷണത്തിൽ സംക്രമിച്ചു പുരുങ്ങിയ സമയത്തിനുള്ളിൽ അനേകമാളുകളുടെ നാശഹേതുകമായ്ത്തീരുന്നു. എന്നാൽ മലമ്പനി ക്രമേണ ഒരുവന്റെ ശക്തിയെ ക്ഷയിപ്പിച്ചു് ഏതാനും വർഷങ്ങൾകൊണ്ടു മാത്രമേ അവന്റെ ജീവഹാനി വരുത്തുന്നുള്ളു. അതിനാൽ മലമ്പനിയുടെ ഫലങ്ങൾ നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നില്ല.

മലമ്പനിക്കു് സന്നിപാതജ്വരംപോലെ തുടച്ചയായി പനി ഉണ്ടാകാതെ വിട്ടുവിട്ടു പനി ഉണ്ടാകുന്നു. പനിയുള്ളപ്പോൾ തലവേദനയും, കുളിരും, കിടുകിടുപ്പും ഉണ്ടാകുന്നതാണ്. ഇതിന്റെ അണുക്കൾ, രക്തത്തിലുള്ള ചുവന്ന കോർപ്പ്സൽസിനെ (Red corpuscles) അനേകായിരങ്ങളായി നശിപ്പിക്കുന്നതിനാൽ ഒന്നുരണ്ടു ദിവസത്തെ പനികൊണ്ടു വലിയ ക്ഷീണവും വിളർച്ചയും ഉളവാകുന്നു. പലപ്രാവശ്യം പനി



വരുന്നതിനാൽ ശരീരത്തിന്റെ ശക്തി ക്രമേണ കുറഞ്ഞുവരികയും കാലക്രമത്തിൽ മരണത്തിനു കാരണമായിത്തീരുകയും ചെയ്യുന്നു. ഇതു കൂടാതെ മലമ്പനി മൂലം ശരീരം ക്ഷീണിക്കുന്നതിനാൽ മറ്റുള്ള രോഗങ്ങൾ വരുന്നതിനു വളരെ എളുപ്പവും ഉണ്ട്.


ഏകദേശം അൻപതു വർഷങ്ങൾക്കു മുൻപുവരെ ചീത്ത വായു ശ്വസിക്കുന്നതുകൊണ്ടും, അശുദ്ധജലം കുടിക്കുന്നതുകൊണ്ടും ആണ് മലമ്പനി ഉണ്ടാകുന്നതെന്നു വിശ്വസിച്ചിരുന്നു. എന്നാൽ വിദഗ്ദ്ധനായ ഡോക്ടർ റോണാൾഡ് റോസ്സിന്റെ ഗവേഷണംമൂലം ഒരു പ്രത്യേക ജാതിയിലുള്ള കൊതുകു കടിച്ചിട്ടാണ് മലമ്പനി ഉണ്ടാകുന്നതെന്നു മനസ്സിലായി. ഇപ്പോഴും നമ്മുടെ ഇടയിൽ അഭ്യസ്തവിദ്യരിൽ ചിലർപോലും കിഴക്കൻദിക്കിലുള്ള തണുത്ത വെള്ളം കുടിക്കുകയോ, അതിൽ കുളിക്കുകയോ ചെയ്താൽ മലമ്പനിയുണ്ടാകുമെന്നു വിശ്വസിക്കുന്നു. ഈ വിശ്വാസം അടിസ്ഥാനരഹിതമാണെന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. കൊതുകു കടിക്കാതെ ഒരു കാലത്തും ഒരുത്തക്കും മലമ്പനി ഉണ്ടാകുന്നതല്ല.

മലമ്പനി പകരുന്നതു് ഇപ്രകാരമാണ്:— പനിയുള്ള ഒരുവനെ ഒരു കൊതുകു കടിക്കുമ്പോൾ അവന്റെ രക്തത്തോടുകൂടെ മലമ്പനിയുടെ അണുക്കളെ കൊതുകു വലിച്ചെടുക്കുന്നു. ഇവയിൽ ഒരു പ്രത്യേകരൂപത്തിലുള്ള അണുക്കൾ കൊതുകിന്റെ വയറിന്റെ മാംസപേശികളിൽ പ്രവേശിക്കുന്നു. അവ ക്രമേണ വളരുന്നു. ഈ സമയത്തു കൊതുകിന്റെ വയറ് അണുവീക്ഷണയന്ത്രത്തിൽ കൂടി നോക്കിയാൽ ഉരുണ്ട പന്തുപോലെ പല രൂപങ്ങൾ (Structures) അതിൽ കാണാം. ഇവയ്ക്ക് ഇംഗ്ലീഷിൽ ഊസിസ്റ്റ്സ് (Oocysts) എന്നാണ് പറയുന്നതു്. ഏകദേശം രണ്ടായിരത്തോളം ഇവ ഓരോന്നിനുമുള്ളിൽ സൂചിപോലെയുള്ള അനേകായിരം അണുക്കൾ ഉളവാകുന്നു. ഒന്നുരണ്ടു ദിവസത്തിനകം ഈ ഊസിസ്റ്റ് ഓരോന്നും പൊട്ടി സൂചിപോലെയുള്ള അണുക്കൾ മുൻപോട്ടു സാവധാനത്തിൽ പ്രവേശിച്ചു കൊതുകിന്റെ വായിൽ വരുന്നു. ഈ അവസരത്തിൽ ഈ കൊതുക് ആരോഗ്യവാനായ ഒരു മനുഷ്യനെ കുത്തുകയാണെങ്കിൽ അവന് ഏകദേശം രണ്ടായിരത്തോളം മലമ്പനി ഉണ്ടാകുന്നു. ഇപ്രകാരമുള്ള ഒരു കൊതുകു കടിക്കാതെ മറെറാരു വിധത്തിലും ഒരാൾക്കു മലമ്പനി ഉണ്ടാകുന്നതല്ല.

കൊതുകുകൾ പലവിധമുണ്ട്. സാധാരണ ഇവയെ അനോഫലീസ് (Anopheles), കൂലക്സ് (Culex) എന്ന രണ്ടു പ്രധാന വിഭാഗങ്ങളായി ഭാഗിച്ചിരിക്കുന്നു. മലമ്പനിയെ സംബന്ധിച്ചിടത്തോളം കൂലക്സ് നിരുപദ്രവിയാണ്. അതു കടിച്ചു് ഒരുകാലത്തും മലമ്പനിയുണ്ടാകുന്നതല്ല. തൻമൂലം അനോഫലിസിനെ മാത്രമാണ് മലമ്പനിയെ സംബന്ധിച്ചു നാം ഭയപ്പെടേണ്ടിയിരിക്കുന്നതു. അനോഫലിസ് തന്നെ ഏകദേശം നൂറൻപതു വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇവയിൽ അൻപതോളം ഇൻഡ്യയിൽ തന്നെയുണ്ട്. ഇവയെല്ലാം മലമ്പനി വരുത്തുന്നതിനു പ്രാപ്തിയുള്ളവയാണെങ്കിലും ദൈവഗത്യാ ഒരു സ്ഥലത്തു് ഒന്നോ രണ്ടോ വർഗ്ഗങ്ങളിലധികം മലമ്പനി വരുത്തുന്നതിനു കഴിവുള്ളതായി കാണുന്നില്ല.

നിവാരണമാർഗ്ഗങ്ങൾ.

മലമ്പനിയെ ദൂരീകരിക്കുന്നതു രണ്ടുവിധത്തിലാകാം. ദിനക്കാരെ ചികിത്സിച്ചു സുഖപ്പെടുത്തുകയോ, ദിനം വരാതെ സൂക്ഷിക്കുകയോ ചെയ്യാം. ചികിത്സയ്ക്കായി സകല രാജ്യങ്ങളും ഉപയോഗിച്ചുവരുന്നതു കൊയിനാ എന്ന ഔഷധം ആണ്. കൊയിനാ ചികിത്സയിൽ പ്രത്യേകം ഒരു സംഗതി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. പനി വിട്ടാലുടനെ തന്നെ മരുന്നു സേവിക്കുന്നതു നിറുത്താതെ വൈദ്യന്മാരുടെ നിർദ്ദേശപ്രകാരം കുറച്ചുദിവസംകൂടെ തുടരേണ്ടതു് അത്യാവശ്യമാണ്. ഇപ്രകാരമുള്ള ചികിത്സകൊണ്ടു ദിനക്കാർക്കു സൌഖ്യം ലഭിക്കുമെന്നല്ലാതെ മലമ്പ




നി ദുരീകരിക്കുന്നതിനു സാധാരണഗതിക്കു സാ ദ്ധ്യമല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഉദാ ഹരണമായി ഇറാലിയിൽ വളരെ കൊല്ലങ്ങ ളായി സകല ആളുകൾക്കും കൊയിനാ വിലകൂ ടാതെ വിതരണം ചെയ്യിരുന്നു. എന്നാൽ മല മ്പനിക്കു കുറവൊന്നുമുണ്ടായില്ല. ഈയിടെ കൊ തുകു ധാരാളമായി വളരുന്ന അവിടെയുള്ള ചതു പ്പുനിലങ്ങൾ നികത്തിയതിനുശേഷം മാത്രമാ ണ് മലമ്പനിക്കു ശമനമുണ്ടായതു്. ദിനം പരാ തെ സൂക്ഷിക്കുന്നതിനു് ഏറ്റവും നല്ല മാർഗ്ഗം അ നോഫലിസ് വർഗ്ഗത്തിലുള്ള കൊതുകുകളെ നശി പ്പിക്കുകയാണു്. കൊതുകു പെണ്ണിൽ മുട്ടയിടു ന്നു. സൂര്യന്റെ ചൂടിനാൽ അതു പിരിഞ്ഞു നാം സാധാരണ പെണ്ണിൽ കാണുന്ന കൃത്താ ടിയായി രൂപാന്തരപ്പെടുന്നു. പത്തു ദിവസത്തി നുള്ളിൽ ഇവ ചിറകുവെച്ചു കൊതുകാകുന്നു. കൊതുകുകളെ കൃത്താടിയായിരിക്കുമ്പോഴോ, ചിറകുള്ള കൊതുകായിരിക്കുമ്പോഴോ നശിപ്പിക്കാം. കൃത്താടിയെ നശിപ്പിക്കുന്നതിനു വെള്ളത്തിൽ "മലേറിയോൾ" എന്നു പറയുന്ന എണ്ണയോ മറ്റു് എണ്ണകളോ ഒഴിക്കണം. ഇ ങ്ങനെ ഒഴിക്കുന്നതായാൽ കൃത്താടിക്കു ശ്വാസം പിടുന്നതിനു നിവൃത്തിയില്ലാതെ നശിച്ചുപോകു ന്നു. മറ്റൊരു മാർഗ്ഗം പാഷാണംചേർന്നുള്ള "പാരീസ് ഗ്രീൻ" എന്നു പേരായ ഒരു പൊടി പഴിയിലുള്ള പൊടിയോടു കൂട്ടിച്ചേർത്തു വെള്ള ത്തിൽ വിതറുകയാണു്. കൃത്താടി "പാരീസ് ഗ്രീൻ" തിന്നുകയും പാഷാണമുള്ളതിനാൽ ഒന്നു രണ്ടു ദിവസത്തിനകം ചത്തുപോകുകയും ചെയ്യു ന്നു. മൂന്നാമതൊരു മാർഗ്ഗമുണ്ടു്. ഇതു സാധാ രണയായി തോടുകളിലും ചെറിയ ആറുകളിലും ഉപയോഗിക്കുന്നു. തോട്ടിൽ അണ കെട്ടി വെള്ളം തടഞ്ഞുനിർത്തുന്നു. ദിവസം ഒന്നോ രണ്ടോ പ്രാവശ്യം അണ തുറന്നുവിടുന്നു. പെട്ടെന്നുണ്ടാകുന്ന ജലപ്രവാഹത്തിൽ കൊതുകിന്റെ മുട്ട ഒഴുകിപ്പോകുകയും കൃ ത്താടി മുങ്ങിച്ചാകുകയും ചെയ്യുന്നു. പക്ഷേ ചില മാർഗ്ഗങ്ങളും അതതു സ്ഥലത്തെ കൊ തുകിന്റെ സ്വഭാവാനുസരണം ചെയ്യപ്പെടുന്നുണ്ടു്. ചില കൊതുകുകൾ തെളി ഞ്ഞ ശുദ്ധജലത്തിൽ മാത്രം മുട്ട യിടുന്നു, ചില പ്രത്യേകം വെള്ളത്തിൽ മാത്രം അവ യുടെ കൃത്താടികൾ വളരുന്നു. ഈ സ്ഥ ലങ്ങളിൽ മരത്തിന്റെ ഇല, ഓലമടൽ മുതലായവ കുത്തിട്ടു് അഴുക്കി കൊതുകി ന്റെ വളർച്ചയെ തടുക്കുന്നു.

ചിറകുള്ള കൊതുകുകൾ സാധാരണയായി വീടുകളിലോ, തൊഴുത്തുകളിലോ വസിക്കുന്നു. ഇവയെ നശിപ്പിക്കുന്നതിനായി ഫ്ളിറുപോ ലെയുള്ള പല ദ്രാവകങ്ങൾ തളിക്കാം. ഏറ്റ വും നന്നു "പയറോസയിസ്സു ൨൦" (Pyrocide 20) എന്ന ദ്രാവകം മണ്ണെണ്ണയോടു ചേ ത്തു് (ഒരു ഭാഗം പയറോസയിസ്സു ൨൦-ം പ ത്തൊൻപതു ഭാഗം മണ്ണെണ്ണയും) അതിരാവി ലെ വീടുകളിലും തൊഴുത്തുകളിലും തളിക്കുക യാണ്

മലമ്പനി വരാതിരിക്കേണ്ടതിനു് ചെയ്യേണ്ട മുൻകരുതലുകൾ.

1. മലമ്പനിയുള്ള ദിക്കിൽ കൊതുകുവല ഉ പയോഗിക്കുക. കൊതുകുവലയിലൂടെ യാതൊരു കീടവും ഇല്ലാതിരിക്കാൻ പ്രത്യേകം സൂക്ഷിക്ക ണം. അല്ലെങ്കിൽ അകത്തു കയറുന്ന കൊതുകു കൾ പുറത്തു പോകാതെ വീണ്ടും വീണ്ടും നമ്മെ കടിക്കുന്നതിനിടയാകും. നിവൃത്തിയുള്ളപക്ഷം സന്ധ്യയാകുമ്പോൾ തന്നെ കൊതുകുവലയു ള്ളിൽ പ്രവേശിക്കേണ്ടതാണ്. കൊതുകുവലയു ടെ മുകൾഭാഗവും നാലു വശങ്ങളും വലകൊ ണ്ടു തന്നെ ആയിരിക്കണം ഉണ്ടാക്കിയിരിക്കേണ്ട തു്. അടിയിൽ രണ്ടടി വീതിയിൽ അടുത്ത ഇഴ യുള്ള തുണി കൂട്ടിത്തൈച്ചിരിക്കണം. അല്ലാത്ത പക്ഷം രാത്രിയിൽ ഉറങ്ങുന്ന സമയത്തു വലയു ടെ ഭാഗങ്ങളിൽകൂടി നമ്മെ കൊതുകു കടിക്കു ന്നതിനിടയുണ്ടു്.

2. സാമ്പത്തികനില അനുവദിക്കുന്നെങ്കിൽ സന്ധ്യയുടെ ദിവസവുമോ, ആഴ്ചയിൽ രണ്ടു ദിവ



സമോ, 'പയറോസയിഡ് 20' എന്ന മരുന്ന പുരയുടെ മുകളിലും വശങ്ങളിലും തളിക്കണം. ഇതിനായി ഫ്ളിറ്റ്ഗൺപോലെയുള്ള ഏതെങ്കിലും പമ്പ് ആവശ്യമാണ്.

3. നമ്മുടെ പുരയ്ക്കു ചുറ്റുമോ, പറമ്പുകളിലോ വെള്ളം കെട്ടിനില്ക്കുന്നതിന് അനുവദിക്കരുത്. സാധാരണയായി ഓട്ടച്ചട്ടിയിലും, കേടുവന്ന തകരങ്ങളിലും വെള്ളം ധാരാളമായി കുപ്പയിൽ കെട്ടിനില്ക്കാറുണ്ട്. ഇതു തട്ടിക്കളയുന്നതിനു കുട്ടികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ പറഞ്ഞ സംഗതികളിൽനിന്നു മലമ്പനി ദൂരീകരിക്കുന്നതു നിസ്സാരമായ സംഗതിയെന്നു ചിലർ ഗ്രഹിച്ചേക്കാം. എന്നാൽ നാം പ്രകൃതിയുമായി ഒരു ഘോരസമരമാണ് നടക്കുന്നതെന്ന് ആരും വിസ്മരിച്ചു പോകരുത്. ഈ യുദ്ധത്തിൽ പ്രകൃതിയെ ശരിയായി ഗ്രഹിക്കുന്നതിനു ധാരാളം പണച്ചെലവും വളരെ കാലവും ആവശ്യമായി വന്നേക്കാം. അതിനാൽ മലമ്പനി നിവാരണത്തിനായി ശ്രമിക്കുന്ന ഗവൺമെൻറിനോട് അക്ഷമരാകാതെ സഹകരിച്ചു പ്രവർത്തിക്കുന്നതു് അത്യന്താപേക്ഷിതമാണ്. ബാലമിത്രവായനക്കാർ ഈ സംഗതിയിൽ പ്രത്യേകം ശ്രദ്ധിക്കുകയും ശരിയായി പ്രവർത്തിക്കുന്നതിനു മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതു വളരെ നന്നായിരിക്കും.

ചില ജാലവിദ്യകൾ


(ആർ. മാധവപ്പൈ, തുറവൂർ)

5. ഒരു ചീട്ടുവിദ്യ.

ഈ വിദ്യ പ്രയോഗിക്കുന്നതിൽ ഒരു കൂട്ടുകാരന്റെ സഹായം ആവശ്യമുണ്ട്. നിങ്ങൾ പറഞ്ഞുകൊടുക്കുന്ന രഹസ്യത്തെ ആരേയും അറിയിക്കുകയില്ലെന്നു നിങ്ങൾക്കു പൂർണ്ണ വിശ്വാസമുള്ള ഒരു കൂട്ടുകാരനെ സമ്പാദിച്ചു് ഈ വിദ്യ ആരംഭിക്കണം. വിദ്യയുടെ പ്രാരംഭഘട്ടത്തിൽത്തന്നെ നിങ്ങൾ രംഗത്തുനിന്നും മാറി കുറേ അകന്നു നില്ക്കേണ്ടതു് ആവശ്യമാകുന്നു.

ഒരു മേശപ്പുറത്തോ അല്ലെങ്കിൽ തറയിലോ ഏതെങ്കിലും ഒൻപതു ചീട്ടുകളെ മൂന്നു വരിയായി കമഴ്ത്തിവയ്ക്കുകയാണ് കൂട്ടുകാരൻ ആദ്യമായി ചെയ്യേണ്ടതു്. ഈ ഒൻപതു ചീട്ടുകളിൽ ഏതെങ്കിലും ഒന്നിനെ തൊട്ടുകാണിക്കുവാൻ കൂട്ടുകാരൻ കാണികളിൽ ഒരാളോടു പറയും. അയാൾ അടുത്തുചെല്ലുന്നതും തൊട്ടു കാണിക്കുന്നതും നിങ്ങൾ കാണുന്നതേയില്ല. ചീട്ടു തൊട്ടു കാണിച്ചയാൾ സ്വസ്ഥാനത്തെത്തിയതിനു ശേഷം നിങ്ങളെ അടുക്കൽ വിളിക്കുന്നു; ഉടനെ യാതൊരു പ്രയാസവും കൂടാതെ നിങ്ങൾ ആ ചീട്ടു് എടുത്തു കാണിക്കണം! കാണികൾ എങ്ങനെ അത്ഭുതപ്പെടാതിരിക്കും?

ഇതു് എങ്ങനെ സാധിക്കുമെന്നുള്ളതാണ് ഇനി അറിയേണ്ടിയിരിക്കുന്നതു്. മുന്നു വരിയായി നിരത്തിയിട്ടിരിക്കുന്ന ഒൻപതു ചീട്ടുകൾക്കു താഴെക്കാണുംവിധം നമ്പർ കൊടുത്തിരിക്കുന്നതായി നിങ്ങളും കൂട്ടുകാരനും സങ്കല്പിക്കുന്നുണ്ടായിരിക്കട്ടെ. നിരത്തിയിട്ടിരിക്കുന്ന ഒൻപതു ചീട്ടു



കം കഴിച്ച് ബാക്കിയുള്ള എല്ലാ ചീട്ടുകളും കൈയിൽ പെച്ചുകൊണ്ടു കുട്ടുകാരൻ അലക്ഷ്യമായി കശക്കുകയും തിരിക്കുകയും മറിക്കുകയും ഒക്കെ ചെയ്തുകൊണ്ടിരിക്കും. കാഴ്ചക്കാരുടെ കുട്ടത്തിൽ നിന്നും ഒരാൾ ഒരു ചീട്ടു തൊട്ടുകാണിച്ചു മടങ്ങുമ്പോൾ സ്നേഹിതൻ ആ ചീട്ടിന്റെ സങ്കല്പനമ്പർ അനുസരിച്ച് പുള്ളികൾ പരുന്ന ഒരു ചീട്ട് ചീട്ടുകെത്തിന്റെ അടിയിലായി പരുത്തുകയും അതിനെ നിങ്ങൾ കാണാത്തക്കവിധത്തിൽ പിടിക്കുകയും ചെയ്യുന്നു. നിങ്ങൾ അങ്ങനെ ഒരു ആറാംതഴയാണ് കാണുന്നതെങ്കിൽ രണ്ടാമത്തെ പരിയിൽ വലത്തേ അറ്റത്തുള്ള ചീട്ട് എടുത്തു കാണിക്കും. ഒരു ആസാണ് കാണുന്നതെങ്കിൽ ഒന്നാമത്തെ പരിയിലെ ഇടത്തേ അറ്റത്തെ ചീട്ട് എടുത്തു കാണിക്കും. ഈ ക്രമത്തിൽ എല്ലാ ചീട്ടുകളും ശരിയായി കാണിക്കാൻ കഴിയും. ഏട്ടോ പത്തോ പതിനഞ്ചോ ഇരുപതോ പ്രാവശ്യം ആവത്തിച്ചു നടത്തിയാലും കുഴപ്പമൊന്നും വരുവാനില്ല.

7. സ്റ്റടികഗ്ലാസ് ഒട്ടിപ്പിടിക്കും.

ഒരു സ്റ്റടികഗ്ലാസ് തറയിൽ വയ്ക്കുക. അതേ അളവിൽ അതേതരത്തിലുള്ള മറെറാരു ഗ്ലാസ് കൈയിലും ഇരിക്കട്ടെ. തറയിൽ ഇരിക്കുന്ന ഗ്ലാസിൽ കൈകൊണ്ടു പിടിക്കുകയോ, നൂൽകയറു മുതലായവ കെട്ടുകയോ ചെയ്യാതെ അതിനെ നേരെ മേലോട്ടു പൊക്കുവാൻ കഴിയുമോ എന്നു സഭസ്യരോടു ചോദിക്കണം. അവർ പലവിധത്തിലും ശ്രമിച്ചുനോക്കും. പക്ഷെ ഫലമുണ്ടാവുകയില്ല. പേറെ വല്ല സാധനങ്ങളുടേയും സഹായമുണ്ടായാൽ സാധിക്കുമോ എന്നും ചോദിക്കുക. പലരും പലതും പറയും. അതൊന്നും ശരിയായിരിക്കുകയുമില്ല.

ഒരു ചെറിയ മെഴുകുതിരിയും ഒരു കഷണം ബ്ലോട്ടിംഗ് പേപ്പറുമാണ് ഇതിലേക്കാവശ്യമുള്ളത്. മെഴുകുതിരി കൊളുത്തി തറയിൽ ഇരിക്കുന്ന ഗ്ലാസിൽ വയ്ക്കുക. ബ്ലോട്ടിംഗ് പേപ്പർ വെള്ളത്തിൽ മുക്കി നനച്ച് ആ ഗ്ലാസിന്റെ വാവട്ടത്തിൽ പെച്ച് അതിനെ മൂടുക. അനന്തരം കൈയിൽ ഇരിക്കുന്ന ഗ്ലാസ് കമഴ്ത്തി മറെറ ഗ്ലാസിന്റെ മുകളിൽ വയ്ക്കണം. രണ്ടു ഗ്ലാസുകളുടെയും വാവട്ടങ്ങൾ യോജിച്ചു ചേരണം. പുറത്തുനിന്നും വായുവിന് അകത്തേക്കു പോകുവാൻ ഒരു പഴുതും ഉണ്ടാകരുത്.

അല്പം കഴിയുമ്പോൾ മെഴുകുതിരി തന്നെത്താനെ അണഞ്ഞുപോകും. പിന്നീട്, പതിവുപോലെ എന്തോ ഒക്കെ ജപിക്കുന്നതുപോലെയും ഗ്ലാസുകളിൽ ഓതുന്നതുപോലെയും ഒക്കെ ഭാവിക്കണം. "ഹാ! മന്ത്രദേവതേ!! ഗ്ലാസു രണ്ടും കൂടി ഒട്ടിപ്പിടിപ്പിക്കണമേ!!!" എന്നു പ്രാത്ഥിക്കണം. അനന്തരം മുകളിലിരിക്കുന്ന ഗ്ലാസിൽ പിടിച്ച് പതുക്കെ പൊക്കുക. അതിനോട് ഒട്ടിപ്പിടിച്ചു ചേർന്ന് അടിയിലത്തെ ഗ്ലാസും കൂടി മേലോട്ടു പൊങ്ങിക്കൊള്ളും.

ഇതിൽ വലിയ സൂത്രമൊന്നുമില്ല. അടിയിലത്തെ ഗ്ലാസിൽ മെഴുകുതിരി കത്തിക്കൊണ്ടിരുന്നതിന്റെ ഫലമായി അതിലെ പ്രാണവായുവെല്ലാം നശിച്ചുപോകുന്നു. അങ്ങനെ അതിൽ കാറു കുറയുന്നു. മുകളിലത്തെ ഗ്ലാസിൽ ഇരിക്കുന്ന വായു ഉടനെ അങ്ങോട്ടു തള്ളിക്കയറുവാൻ ശ്രമിക്കുകയായി. പക്ഷെ ബ്ലോട്ടിംഗ് പേപ്പർ അതിനു തടസ്സമായിത്തീരുന്നു. വായു കുറഞ്ഞിരിക്കുന്ന അടിയിലത്തെ ഭാഗവും അതിനെ അപേക്ഷിച്ച് വായു അധികമായിരിക്കുന്ന മുകളിലത്തെ ഭാഗവും തമ്മിൽ പരസ്പരം ഒരു ആകർഷണവും സമ്മർദ്ദവും തനിയേ സംഭവിക്കുന്നു. അതിന്റെ ഫലമായിട്ടാണ് ഗ്ലാസുകളുടെ വാവട്ടങ്ങൾ തമ്മിൽ ഒട്ടിപ്പിടിച്ചതുപോലെ മുകളിലത്തെ ഗ്ലാസോടുകൂടി അടിയിലത്തെ ഗ്ലാസും കൂടിച്ചേർന്ന് ഉയരുന്നതു്.

സഭസ്സിൽ പ്രയോഗിക്കാൻ ശ്രമിക്കുന്നതിനു മുൻപു് തന്നെത്താനെ നാലഞ്ചു പ്രാവശ്യം പ്രയോഗിച്ചു് പരിശീലനം സമ്പാദിക്കേണ്ടതു് ആവശ്യമാണ്. ഉപയോഗിക്കുന്ന ബ്ലോട്ടിംഗ് പേപ്പറിന് ഗ്ലാസിന്റെ വാവട്ടത്തേക്കാൾ കുറച്ചലായ വലിപ്പം ഉണ്ടാകണമെന്നുള്ളതു് പ്രത്യേകം ഓർക്കണം.

വിമാനാക്രമണം ഉണ്ടായാൽ എങ്ങനെ വർത്തിക്കണം ?

ഇംഗ്ലണ്ടിൽ വിമാനാക്രമണം ഉണ്ടാകുകയും ബോമ്പുകൾ വർഷിക്കപ്പെടുകയും ചെയ്തു അവ സരങ്ങളിൽ കെട്ടിടങ്ങളുടെ നാശത്തും മറ്റു രക്ഷാസങ്കേതങ്ങളിലും ഇരുന്നവരിൽ ആയിരത്തിൽ മുപ്പത്തു ഭാഗം ആളുകൾക്കു മാത്രമേ ഉപദ്രവം ഉണ്ടായുള്ളൂ.

ആക്രമണം ഉണ്ടാകുമ്പോൾ നിങ്ങൾ വഴിയിലോ മറ്റു തുറന്ന സ്ഥലങ്ങളിലോ ആണെങ്കിൽ വേഗം ഒരു കെട്ടിടത്തിലോ ഒരു കയ്യാലയുടെയോ ടിലോ അഭയം പ്രാപിക്കുക. പ്രധാന പട്ടണങ്ങളിൽ സങ്കേതത്തിനായി പ്രത്യേക തോടുകൾ കുഴിച്ചിട്ടുണ്ടായിരിക്കും. അവിടെ അഭയം പ്രാപിക്കുക.

അതിനു നിവൃത്തിയില്ലെങ്കിൽ റോട്ടിൽനിന്നു മാറി കിടക്കുകയോ ഉഴുതോ ഇട്ടിരിക്കുന്ന സ്ഥലത്തു കവിണ കിടക്കുക. കവിണ കിടക്കുമ്പോൾ നെഞ്ച് നിലത്തു മുട്ടാതെ കൈ രണ്ടും ഊന്നി അല്പം പൊങ്ങിക്കിടക്കണം. എന്തിനാണ് ഇങ്ങനെ പൊങ്ങിക്കിടക്കുന്നതെന്ന് ആലോചിക്കുക. ബോമ്പുകൾ നിലത്തു വീണു പൊട്ടിയാൽ അതിനടുക്കെ ഭൂമിക്ക് അസാധാരണമായ ചലനം ഉണ്ടാകും. നെഞ്ചു നിലത്തോടു ചേർന്നിരുന്നാൽ ആ ചലനം നെഞ്ചത്തും ഉണ്ടാകുന്നതാണ്.

വായ് അല്പം തുറന്നിരിക്കണം. തുവാല ചുരുട്ടിക്കൂട്ടിയതിനെയോ റബർകഷണം കയ്യിലുണ്ടെങ്കിൽ അതിനെയോ കടിച്ചു പിടിച്ചുകൊള്ളുക. ഇങ്ങനെ ചെയ്താൽ ചെവി പൊട്ടിപ്പോകാതെ ഇരിക്കാൻ സഹായകമാകും.

ആക്രമണം ഉണ്ടാകുമ്പോൾ കെട്ടിടത്തിനകത്താണെങ്കിൽ ജനാലുകളുടെ അടുത്തുനിന്നു മാറി ഇരിക്കണം. നിലത്തു കിടക്കുന്നതിനേക്കാൾ കസേരയിൽ ഇരിക്കുന്നതാണ് നല്ലതു്.

നിങ്ങൾ സിനിമാഹോളിലോ മറ്റു് ആൾക്കൂട്ടമുള്ള ഹോളുകളിലോ ഇരിക്കുമ്പോൾ ആക്രമണമുണ്ടായാൽ നിങ്ങൾ ഇരിക്കുന്ന സീറ്റിൽ തന്നെ ഇരിക്കുക. എല്ലാവരുംകൂടി ഒന്നിച്ചു ചാടിയിറങ്ങിയാൽ അപകടം വളരെ വർദ്ധിക്കും.

കഥാപംക്തി

തവളയായിത്തീർന്ന സുന്ദരി

ഒരു രാജാവിനു മൂന്നു പുത്രന്മാർ ഉണ്ടായിരുന്നു. ആ രാജ്യത്തുനിന്നു് അധികം ദൂരത്തല്ലാതെ ഒരു വൃദ്ധയും അവരുടെ സുന്ദരിയായ മകൾ മീനായും താമസിച്ചിരുന്നു.

ലോകം ചുറ്റി സഞ്ചരിച്ചു മനഃസംസ്കാരവും വിജ്ഞാനവും സമ്പാദിക്കുന്നതിനായി തന്റെ പുത്രന്മാരെ രാജാവു പറഞ്ഞയച്ചു. അവർ മൂന്നുപേരും മീനായുടെ വീടിനു സമീപം ചെന്നു ചേർന്നു. മീനായെ ഓരോരുത്തർക്കും വേണമെന്നു പറഞ്ഞു് അന്യോന്യം കലഹിച്ചു് ആയുധപ്രയോഗത്തിനൊരുങ്ങി. കലഹം കേട്ടു് ഒരു സന്യാസിനി വന്നു്, മീനാ ഒരു തവളയായി തീരട്ടെ എന്നു ശപിച്ചു. തൽക്ഷണം അവൾ ഒരു തവളയായി തീർന്നു. വിഷണ്ണരായിത്തീർന്ന രാജകുമാരന്മാർ ഒരുമിച്ചു രാജധാനിയിൽ എത്തി രമ്യമായി താമസിച്ചുവന്നു. വർഷങ്ങൾ പലതു കഴിഞ്ഞു. രാജാവു വൃദ്ധനായി. അദ്ദേഹം തന്റെ മക്കളെ വിളിച്ചു് ഇപ്രകാരം പറഞ്ഞു. "നിങ്ങളിൽ ഏറ്റവും മിടുക്കനു് എന്റെ രാജ്യം തരണമെന്നാണു് എന്റെ ആഗ്രഹം. ഞാൻ മൂന്നു പരീക്ഷകൾ നടത്തും. അതു മൂന്നും ജയിക്കുന്ന ആൾക്കു രാജ്യം കൊടുക്കും. ഒന്നാമതായി, എന്റെ മോതിരത്തിൽ കൂടി കടക്കുന്ന നൂറു ഗജം തുണി കൊണ്ടുവരണം" എന്നു പറഞ്ഞു് പുത്രന്മാരെ അയച്ചു. മൂത്തപുത്രന്മാർ രണ്ടുപേരും നല്ല വഴികൾ തിരഞ്ഞെടുത്തു യാത്രയായി. അവർ വാങ്ങിക്കുന്ന തുണികൾ ചുമന്നു കൊണ്ടുവരുവാനായിട്ടു ധാരാളം സേവകന്മാരെയും കൊണ്ടുപോയി. ഇളയവൻ, അകമ്പടിയൊന്നുമില്ലാതെ, തന്നെ, നിജ്ജനമായ വഴിയിൽക്കൂടെ പോയി. കുറേദൂരം നടന്നിട്ടും തനിക്കു് ആവശ്യമായ സാധനം ലഭിക്കായ്കയാൽ

ക്ഷീണിച്ച് ഒരു പാലത്തിന്മേൽ കയറിയിരുന്നു. അപ്പോൾ ഒരു പൊണ്ണത്തടിയൻ തവള വന്ന് 'ക്രോക്ക്' 'ക്രോക്ക്' എന്നു ശബ്ദിച്ചുകൊണ്ടു തനിക്ക് എന്താണ് അവശ്യമെന്നു ചോദിച്ചു. "മണ്ടൻ തവളേ, നിനക്ക് എന്നെ സഹായിക്കുവാൻ കഴിയുമോ" എന്നു രാജകുമാരൻ മറുപടി പറഞ്ഞു. 'എന്തായാലും അവൻ കേൾക്കട്ടെ' എന്നുള്ള തവളയുടെ അപേക്ഷപ്രകാരം തന്റെ ആവശ്യം തവളയെ അറിയിച്ചു. തൽക്ഷണം തവള വെള്ളത്തിനടിയിൽ ചെന്ന് ഒരു ചെറിയ കഷണം തുണി കൊണ്ടുവന്നു കുമാരനെ കാണിച്ചു. അതു മതിയാകുമെന്നു തവള പറഞ്ഞതു കൊണ്ട് അതും കിശയിലിട്ടു രാജകുമാരൻ കൊട്ടാരത്തിൽ എത്തി. ജ്യേഷ്ഠന്മാർ വന്ന സമയം തന്നെ ഇളയ രാജകുമാരനും അവിടെ എത്തി. മൂത്ത രാജകുമാരന്മാർ കെട്ടുകെട്ടായിട്ടു പലമാതിരി തുണികൾ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. രാജാവു തന്റെ മോതിരം ഊരി അവർ കൊണ്ടുവന്നിരുന്ന തുണികൾ ഓരോന്നും അതിൽക്കൂടെ കടക്കുമോ എന്നു പരിശോധിച്ചു. ശ്രമങ്ങളെല്ലാം വിഫലമായതേയുള്ളൂ. അവസാനം ഇളയ രാജകുമാരനോട്, അവൻ കൊണ്ടുവന്ന തുണി എവിടെ എന്നു ചോദിച്ചതിന് പോക്കറ്റിൽനിന്നു പഴന്തുണിപോലെയിരുന്ന തുണി എടുത്തുകൊടുത്തു. പക്ഷേ, അപ്പോൾ അത് ഏറ്റവും മാർദ്ദവമേറിയതും നൂറു വാര നീളമുള്ളതുമായ ഒരു തുണിയായി പരിണമിച്ചിരുന്നു. ആ തുണി പ്രയാസമെന്യേ മോതിരത്തിൽക്കൂടെ കടക്കുകയും ചെയ്തു.

രാജാവ് അത്യന്തം സന്തോഷിച്ചു. തന്റെ രണ്ടാമത്തെ ജോലി ചെയ്യുവാൻ പുത്രന്മാരെ നിയോഗിച്ചു. അത്, ഒരു കഴഞ്ചിക്കുരുവിനകത്തു കൊള്ളുന്ന ഒരു പട്ടിയെ കൊണ്ടുവരണമെന്നായിരുന്നു. രാജകുമാരന്മാർക്ക് പ്രയാസമേറിയ ഇക്കാര്യം സാധിക്കുമോ എന്നു സംശയമുണ്ടായിരുന്നു. എങ്കിലും രാജത്വം ലഭിക്കണമെന്നുള്ള ആഗ്രഹംകൊണ്ട് മൂവരും പിന്നെയും പുറപ്പെട്ടു. ഇളയ രാജകുമാരൻ നിജ്ഞനമായ വഴിയിലൂടെ തന്നെ പോയി. താൻ കഴിഞ്ഞപ്രാവശ്യം വിശ്രമിച്ച പാലത്തിൽ ചെന്നിരുന്ന ഉടനെ തന്നെ തവള വന്ന് ആവശ്യമെന്താണെന്നു ചോദിച്ചു. കുമാരനിൽനിന്നു വിവരമറിഞ്ഞ തവള വെള്ളത്തിനടിയിൽനിന്ന് ഒരു കഴഞ്ചിക്കുരു കൊടുത്തിട്ട് അതു രാജാവിന്റെ കയ്യിൽ കൊടുത്തു പൊട്ടിക്കുവാൻ പറയുക എന്നു പറഞ്ഞു. അവൻ കൊട്ടാരത്തിൽ ചെന്നപ്പോൾ തന്റെ ജ്യേഷ്ഠന്മാർ വന്നിട്ടുണ്ടായിരുന്നു. അവരുടെ കൂടെ ധാരാളം ചെറിയ പട്ടികളും ഉണ്ടായിരുന്നു. രാജാവ് ഏറ്റവും വലിയ ഒരു കുരു കൊണ്ടുവന്ന് ഓരോ പട്ടിയേയും അതിൽ വയ്ക്കുന്നതിനു ശ്രമിച്ചു. പക്ഷേ ഉദ്ദിഷ്ടഫലപ്രാപ്തിയുണ്ടായില്ല. ഒടുവിൽ ഇളയ രാജകുമാരൻ തന്റെ കഴഞ്ചിക്കുരു രാജാവിന്റെ കയ്യിൽ കൊടുത്തിട്ടു വളരെ സൂക്ഷ്മതയോടെ അതു പൊട്ടിക്കുവാൻ പറഞ്ഞു. അപ്രകാരം ചെയ്തപ്പോൾ ഒരു ചെറിയ വെളുത്ത പട്ടിക്കുട്ടി രാജാവിന്റെ കയ്യിൽക്കൂടി ഓടി നടന്നു. രാജാവിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു.

അദ്ദേഹം പിന്നിട്ട അവരെ മൂന്നാമത്തെ ജോലിക്കു നിയോഗിച്ചു. ഏറ്റവും സുന്ദരിയായ സ്ത്രീയെ ആരു കൊണ്ടുവരുന്നുവോ, ആ ആളിനു തന്റെ കിരീടം കൊടുക്കുന്നതാണ്' എന്നു രാജാവു പറഞ്ഞു. മൂന്നുപേരും ഓരോ വഴിക്കു പോയി. ഈ പ്രാവശ്യം ഇളയരാജകുമാരനു കുറെ വിഷമം ഉണ്ടായിരുന്നു. സുന്ദരിയായ ഒരു സ്ത്രീയെ തരുവാൻ ആ തവളയ്ക്ക് എങ്ങിനെ സാധിക്കുമെന്നു വിചാരിച്ചുകൊണ്ടാണ് രാജകുമാരൻ ആ പ്രാവശ്യം പോയത്. എതായാലും പഴയ പാലത്തിൽതന്നെ പോയിരുന്നു. തവള വന്നു കാര്യം എന്താണെന്നു ചോദിച്ചതിനു മറുപടിയായി 'ഇപ്രാവശ്യം നിന്നെക്കൊണ്ട് ഒന്നും ചെയ്യുവാൻ സാധിക്കയില്ലെന്നാണ് തോന്നുന്നത്' എന്നു മറുപടി പറഞ്ഞു. തവള പിന്നെയും നിർബ്ബന്ധിച്ചപ്പോൾ തന്റെ ആവശ്യത്തെപ്പറ്റി പറഞ്ഞു. 'കൊട്ടാരത്തിലേക്കു പൊയ്ക്കൊൾക. സുന്ദരിയായ യുവതി നിന്റെ പുറകെ വരും' എന്നു തവള പറഞ്ഞതു കേട്ടു, അവൻ തിരിഞ്ഞു നടന്നുതുടങ്ങി. തവളയുടെ വാക്കിൽ, രാജകുമാരനു വലിയ വിശ്വാസം തോന്നിയില്ല. പക്ഷേ, അവൻ അധികം ദൂരം പോകുന്നതിനു മുൻപു പുറകിൽ ഒരു ശബ്ദം കേട്ടു തിരിഞ്ഞു നോക്കിയപ്പോൾ ഒരു മത്തങ്ങാ, വണ്ടിപോലെ ആറു 'പൊണ്ണൻ' എലികൾ വലിച്ചുകൊണ്ടു വരുന്നതും, വണ്ടിക്കാരനായിട്ടു മുൻപിൽ ഒരു തടിച്ച തവളയും, പിമ്പിൽ രണ്ടു ചെറിയ തവളകളും രണ്ടുവശത്തും ഓടുവാനായിട്ടു രണ്ടു ചെറിയ എലികളും വണ്ടിക്കകത്തു രാജകുമാരന്റെ കുട്ടുകാരി തവളയും ഇരുന്നു വരുന്നതു കണ്ടു. വണ്ടി അവനെ കടന്ന് ഒരു വളവു തിരിഞ്ഞു, അവന്റെ കണ്ണിൽനിന്നു മറഞ്ഞു. പക്ഷേ, അവൻ

നടന്ന വഴിവു തിരിഞ്ഞു ചെന്നപ്പോൾ വണ്ടിക്കും മറും രൂപാന്തരം ഭവിച്ചിരിക്കുന്നതായി കണ്ട് അത്ഭുതപ്പെട്ടു. ആറു കുതിരകളാൽ വലിക്കപ്പെടുന്ന ഒരു മനോഹരമായ വണ്ടിയും അതിന്റെ ഇരു പാർശ്വങ്ങളിലും പിൻപിലും ഭൃത്യജനങ്ങളേയും വിചിത്ര വേഷധാരിയായിരുന്ന വണ്ടിക്കാനേയും വണ്ടിക്കകത്തു താൻ സ്നേഹിച്ചിരുന്ന 'മീറ' എന്ന യുവതിയേയും കണ്ടു. രാജകുമാരൻ നടന്നു ചെന്നപ്പോൾ വേലക്കാർ വാതിൽ തുറന്നുകൊടുത്തു. അവർ ആ സുന്ദരി രത്നത്തിന്റെ അടുത്ത് ഇരുന്ന കൊട്ടാരത്തിലേക്കു പോയി. ഇളയ രാജകുമാരൻ രാജധാനിയിൽ എത്തിയ മാത്രയിൽതന്നെ ജ്യേഷ്ഠസഹോദരന്മാരും തങ്ങൾ കൊണ്ടുവന്ന സുന്ദരികളോടുകൂടെ ഹാജരായി. പക്ഷെ മീറാ തന്നെയാണ് ഏറവും നല്ലത് എന്നു് എല്ലാവരും അഭിപ്രായപ്പെട്ടു. രാജാവു തന്റെ ഇളയമകനെ കിരീടാവകാശിയാക്കി. അവൻ 'മീറാ'യെ വിവാഹംചെയ്തു വളരെനാൾ സുഖമായി ജീവിതം നയിച്ചു.

ബാലപംക്തി

1. മഠയനായ പാമ്പ്

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ ഒരു പാമ്പു വസിച്ചിരുന്നു. ആ പാമ്പ് ഗ്രാമവാസികളെ വളരെ ഉപദ്രവിച്ചുവന്നു. എന്നാൽ അവർ അതിനെ കൊല്ലുന്നതിനു പല പ്രാവശ്യം ശ്രമിച്ചിട്ടും സാധിച്ചില്ല.

ഒരു ദിവസം ഗ്രാമവാസികൾ ആ വൃക്ഷത്തിന്റെ സമീപത്തു് ഒരു സഭ കൂടി അതിനെ കൊല്ലുന്നതിനുള്ള സൂത്രങ്ങൾ ആലോചിച്ചു. അന്നു വൈകുന്നേരം തന്നെ എല്ലാവരും കൂടി വന്നു് അതിനെ കൊല്ലണം എന്നു് അവർ നിശ്ചയിച്ചു. പോട്ടിൽ ഇരുന്നു് ഇവരുടെ സംഭാഷണം പാമ്പു കേട്ടു. ഇവർ തന്നെ കൊല്ലുവാൻ തുടങ്ങുകയാണെന്നു പാമ്പു മനസ്സിലാക്കിയിട്ടു് അവിടെനിന്നും രക്ഷപെടുന്നതിനുള്ള വഴിയെപ്പറ്റി ആലോചന തുടങ്ങി.

ഗ്രാമവാസികൾ ഓരോരുത്തരും അവരവരുടെ ഗൃഹങ്ങളിലേക്കു മടങ്ങിയ അവസരത്തിൽ പാമ്പു ഭയത്തോടുകൂടി തന്റെ മസൃകത്തെ പോട്ടിന്റെ വെളിയിലേക്കു വന്നു നാലുവശത്തേക്കും ഒന്നു നോക്കി. അപ്പോൾ ഒരു കച്ചവടക്കാരൻ കഴുതപ്പുറത്തു കുറെ കുടങ്ങളുമായി അതുവഴി കടന്നുപോകുന്നതു പാമ്പു കണ്ടു. കച്ചവടക്കാരനെ കണ്ട മാത്രയിൽ പാമ്പു് "ഹേ കച്ചവടക്കാരാ! ഈ ഗ്രാമവാസികൾ എന്നെ ഇന്നു വൈകുന്നേരം കൊല്ലണമെന്നു നിശ്ചയിച്ചിരിക്കുകയാണു്. അതുകൊണ്ടു ദയവുണ്ടായി എന്നെ രക്ഷിച്ചാൽ അങ്ങു ചോദിക്കുന്ന വരം താൻ അവിടുത്തേക്കു തരാം" എന്നു പറഞ്ഞു.

അത്യാഗ്രഹം ഒരു ദുസ്വഭാവം തന്നെ. കച്ചവടക്കാരൻ ഏതു വരമാണു് ചോദിക്കേണ്ടതു് എന്നു് ആലോചന തുടങ്ങി. പലപല നല്ല സംഗതികൾ അയാളുടെ ഓർമ്മയിൽ വന്നു. അതിനെ എല്ലാം നിഷേധിച്ചിട്ടു് തനിക്കു ലോകത്തിലേക്കും വലിയ ധനവാനാകാനുള്ള വരം ലഭിക്കണമെന്നു ചോദിക്കണം എന്നു മനസ്സിൽ ഉറച്ചു. അയാൾ പാമ്പിനെ കുടത്തിൽ കയറ്റി അടച്ചു തന്റെ കയ്യിൽതന്നെ പിടിച്ചു. കുറേ ദൂരം യാത്രചെയ്തു് ഒരു സമുദ്രതീരത്തു എത്തിച്ചേർന്നു. തന്നെ അവിടെ വിടാമെങ്കിൽ കച്ചവടക്കാരൻ ആവശ്യപ്പെടുന്ന വരം നൽകാം എന്നു പാമ്പു പറഞ്ഞു. അതനുസരിച്ചു കുടം താഴെ വച്ചിട്ടു കച്ചവടക്കാരൻ അതിന്റെ വായ് തുറന്നു. ഉടനെ പാമ്പു് തന്റെ തല വെളിയിലേക്കു കൊണ്ടുവന്നു് പത്തി വിരിച്ചു പിടിച്ചു കച്ചവടക്കാരനെ കടിക്കുന്നതിനു ശ്രമിച്ചു. അപ്പോൾ കച്ചവടക്കാരൻ "എടാ, ദോഷി! നിന്നെ രക്ഷിച്ചതിനു ഇതാണോടാ പ്രത്യുപകാരം?" എന്നു കോപാക്രാന്തനായി ചോദിച്ചു.

കച്ചവടക്കാരനെ രക്ഷിക്കുന്നതിനു് ഈശ്വരൻ അയച്ചതാണോ എന്നു തോന്നുമാറു് ഒരു സൂത്രശാലിയായ കുറുക്കൻ അതുവഴി വന്നു. കച്ചവടക്കാരന്റെ സംഭാഷണം കേട്ടിട്ടു് കാര്യം മനസ്സിലാക്കിയ കുറുക്കനു് ഒരു സൂത്രം തോന്നി. കുറുക്കൻ പാമ്പിനോടു ചോദിച്ചു, "ഹേ സ്നേഹിതാ! നിങ്ങളുടെ പത്തി മനോഹരം തന്നെ. ഇതു് ഈ കുടത്തിന്റെ വായേക്കാൾ എത്ര വലുതാണു്. ഈ ചെറിയ വായിൽ കൂടി നിങ്ങ

ഹിതന്റെ തല എങ്ങനെയാണ് കടത്തിയത്? നിങ്ങൾ ഈ കുടത്തിൽ എങ്ങനെയാണ് മുമ്പ് ഇരുന്നത്?" ഇതു കേട്ട് അല്പം അഹങ്കരിച്ച് മഠയനായ പാമ്പ് തന്റെ പത്തി മടക്കി മുമ്പു ഇരുന്നത് ഇങ്ങനെയാണെന്നു പറഞ്ഞിട്ട് കുടത്തിൽ ചുരുണ്ടുകൂടി കിടന്നു. ഉടനെ കച്ചവടക്കാരൻ കുടത്തിന്റെ വായ് അടച്ചു ഭദ്രമാക്കി സമുദ്രത്തിലേക്ക് എറിഞ്ഞിട്ട് പോവുകയും ചെയ്തു.

Saramma Thomas.

---

2. അത്യാഗ്രഹിയായ രാജൻ

(By P. T. Oommen)

രാജൻ ഏഴു വയസ്സു മാത്രം പ്രായമുള്ള ഒരു കുട്ടിയായിരുന്നു. മധുരപദാർത്ഥങ്ങളോടു അവനു വലിയ ആഗ്രഹം ആയിരുന്നു. അതുകൊണ്ടു അവൻ പലപ്പോഴും പഴം, ചക്കര, പാനി മുതലായവ മോഷ്ടിച്ചുവന്നു.

ഒരു ദിവസം രാജന്റെ അച്ഛൻ ഒരു കുപ്പി പാനി വാങ്ങിച്ചു അതു അടുക്കളയിലെ അലമാരിയിൽ സൂക്ഷിച്ചു. കുപ്പിയുടെ സ്ഥാനം രാജൻ നേരത്തേ തന്നെ മനസ്സിലാക്കി. അതിലല്പം മോഷ്ടിക്കണമെന്നു തീച്ചപ്പെടുത്തി. രാത്രിയിൽ എല്ലാവരും കിടന്നുറങ്ങിയിട്ടാകട്ടെ എന്നു തീച്ചയാക്കി.

രാജൻ അന്നു പകൽ ഒരു കഥ വായിച്ചു. കൊതിയനായ ഒരു കുട്ടിക്കു പറ്റിയ അബദ്ധത്തെക്കുറിച്ചാണവൻ അന്നു വായിച്ചതു്. അപ്പോൾ അവൻ തന്റെ കാര്യത്തെക്കുറിച്ചാലോചിച്ചു.

അന്നു രാത്രിയിൽ രാജനും കിടന്നു. പാനി മോഷ്ടിക്കണമെന്നു അവൻ വിചാരിച്ചു എങ്കിലും അന്നത്തെ കഥയുടെ ഓർമ്മ അവനെ ആ കൃത്യത്തിൽനിന്നും പിന്തിരിപ്പിച്ചു.

ആ രാത്രി രാജൻ സുഖമായിക്കിടന്നുറങ്ങി. പിറ്റെ ദിവസം രാവിലെ അവൻ അവന്റെ അമ്മയുടെ അടുക്കലേക്കു ഓടി. ആ സമയം അലമാരിയിൽ പാനിക്കുപ്പിയുടെ സ്ഥാനത്തു അതുപോലെ തന്നെയുള്ള ഒരു കുപ്പി കണ്ടു. എന്നാൽ അതിനകത്തുള്ളതു പാനിയല്ല എന്നവനു മനസ്സിലായി. "അമ്മേ! ഈ കുപ്പിക്കകത്തേതെന്താണ്?" എന്നു അവൻ അമ്മയോടായി ചോദിച്ചു. "മണ്ണെണ്ണയാ കുഞ്ഞേ" എന്നു അമ്മ ഉത്തരം പറഞ്ഞു.

രാജൻ തന്റെ മുറിയിൽ വന്നിരുന്നു ഇപ്രകാരം വിചാരിച്ചു. "ഇന്നലെ ഞാൻ മോഷ്ടിക്കുവാൻ ഒരുമ്പെട്ടിരുന്നെങ്കിൽ പാനിക്കു പകരം മണ്ണെണ്ണ കുടിക്കേണ്ടതായിവരുമായിരുന്നു. ഞാൻ ഇന്നു മുതൽ എന്റെ കൊതിയെ കളഞ്ഞിരിക്കുന്നു. അമ്മ തരുന്നതിനെ ഭക്ഷിച്ചുകൊണ്ടു ഞാൻ തൃപ്തനായിരിക്കും."

---

3. നിരക്ഷരകുക്ഷിയായ ജോൺ

(By P. T. Oommen)

ജോൺ ഒരു വൃദ്ധനായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിനു തോമസ് എന്ന ഒരു മകനുമുണ്ടായിരുന്നു. ഇവർ ഇരുവരും അക്ഷരാഭ്യാസമില്ലാത്തവരായിരുന്നു.

തോമസ് കല്യാണം കഴിച്ചവനായിരുന്നു എങ്കിലും, തന്റെ ശേഷിച്ച കാലത്തെ അദ്ദേഹം ഒരു നിശാപാഠശാലയിൽ എഴുതുവാനും, വായിക്കുവാനും പഠിക്കുന്നതിനായി നിയോഗിച്ചു. അദ്ദേഹം ഒടുവിൽ അക്ഷരാഭ്യാസം ഉള്ളവനായിത്തീർന്നു.

ഇവരുടെ ഭവനത്തിനടുത്തു താമസിച്ചിരുന്ന മത്തായി എന്ന ഒരുവൻ ജോണിനു 200 രൂപയോളം കൊടുക്കുവാനുണ്ടായിരുന്നു. ഒരു ദിവസം മത്തായി 100 രൂപ കൊണ്ടുവന്നു ജോണിന്റെ കൈയിൽ കൊടുത്തതിനു ശേഷം രസീതു ആവശ്യപ്പെട്ടു. "ഒന്നെഴുതിക്കാട്ടെ. ഞാൻ ഒപ്പിട്ടേക്കാം" എന്നു ജോൺ മറുപടി പറഞ്ഞു. ആ രൂപയും ഇരുനൂറു രൂപയും കൊടുത്തുതീർത്തുപന്നു മത്തായിച്ചേട്ടൻ എഴുതി ഒപ്പിടുന്നതിനായി ജോണിന്റെ പക്കൽ കൊടുത്തു. എഴുതിയിരിക്ക

ന്നതു ശരിയാണെന്നു അക്ഷരാഭ്യാസമില്ലാതിരുന്ന ജോൺ വിചാരിച്ചു ഒപ്പിട്ടുന്നതിനു തുനിഞ്ഞു.

അപ്പോൾ തോമസ് അകത്തേക്കു കടന്നുവന്നു. "മകനേ! ഇതൊന്നു വായിച്ചു കേൾപ്പിച്ചേ" എന്നു പറഞ്ഞു തോമസിന്റെ കൈയിൽ കടലാസു കൊടുത്തു. വായിച്ചു കേട്ടപ്പോൾ ജോണിനു മത്തായിച്ചേട്ടന്റെ ചതിവു മനസ്സിലായി. ജോൺ അക്ഷരാഭ്യാസത്തിന്റെ മാഹാത്മ്യം അന്നു മനസ്സിലാക്കി. അന്നു മുതൽ വിദ്യാഭ്യാസത്തിനു അദ്ദേഹം നിശാപാഠശാലയിൽ ചേന്നു പഠിച്ചു. ചുരുങ്ങിയ കാലത്തിനിടയിൽ ജോൺ എഴുതുവാനും വായിക്കുവാനും പഠിച്ചു. "ഇനിയും ഈ മാതിരി സൂത്രങ്ങൾ എന്നോടു പറകയില്ല" എന്നു ജോൺ തന്നെ ഒരു ദിവസം പറഞ്ഞു.

ഒരു മത്സരപരീക്ഷ

ഏറ്റവും നല്ല രണ്ടു ഉപന്യാസങ്ങൾ അയക്കുന്നവക്കു ഒരു കൊല്ലത്തെ ബാലമിത്രം വിലകൂടാതെ അയക്കുന്നതാണ്.

"അവധിക്കാലം എങ്ങനെ കഴിയ്ക്കുണം?" എന്ന വിഷയത്തെക്കുറിച്ചു കാൽപായ് കടലാസിന്റെ രണ്ടു പുറത്തിൽ കവിയാതെ ഒരു ഉപന്യാസം എഴുതി അടുത്ത മെയ് മാസം പതിനഞ്ചാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയക്കുക.

പത്രാധിപർ.

കൊച്ചുകുഞ്ഞിനെ വായിച്ചു കേൾപ്പിക്കാൻ

കൊച്ചുകുട്ടനും അവന്റെ കടലയും

കൊച്ചുകുട്ടൻ ഒരു ദിവസം ഉമ്മറപ്പടിയിൽ ഇരുന്നുകൊണ്ടു കടല തിന്നുകയായിരുന്നു. അവൻ തിന്നു തിന്നു് തീരാറായപ്പോൾ അവസാനത്തെ കടലയ്ക്കാ ഉമ്മറപ്പടിയുടെ ഇടയിൽ പോയി. അവൻ വളരെ ശ്രമിച്ചിട്ടും അതെടുക്കുവാൻ സാധിച്ചില്ല.

ഉടനെ കൊച്ചുകുട്ടൻ ആശാരിയുടെ അടുക്കൽ ചെന്നു "എന്റെ കടലയ്ക്കാ ഉമ്മറപ്പടിയുടെ ഇടയിൽ പോയി. പടി കുത്തിപ്പൊളിച്ചു് എനിക്കു കടലയെടുത്തുതരാമോ, പണിക്കാ?" എന്നു ചോദിച്ചു. ഒരു കടലക്കുവേണ്ടി ഞാൻ കതകു കുത്തിപ്പൊളിക്കയില്ല എന്നു ആശാരി മറുപടി പറഞ്ഞു.

പിന്നെ കൊച്ചുകുട്ടൻ രാജാവിന്റെ അടുക്കൽ ചെന്നു "എന്റെ കടല ഉമ്മറപ്പടിയുടെ ഇടയിൽ പോയി. ആശാരി പടി കുത്തിപ്പൊളിച്ചു കടല എടുത്തു തരുന്നില്ല. ആശാരിയേ ശിക്ഷിയ്ക്കാമോ രാജാവേ?" എന്നു ചോദിച്ചു. ഒരു കടലയ്ക്കു വേണ്ടി ഞാൻ ആശാരിയെ ശിക്ഷിക്കയില്ല എന്നു രാജാവു മറുപടി പറഞ്ഞു.

പിന്നീടു കൊച്ചുകുട്ടൻ എലിയുടെ അടുക്കൽ ചെന്നു "എന്റെ കടല ഉമ്മറപ്പടിയുടെ ഇടയിൽ പോയി. ആശാരി പടി കുത്തിപ്പൊളിച്ചു കടല എടുത്തുതരുന്നില്ല; രാജാവു ആശാരിയെ ശിക്ഷിക്കുന്നില്ല; രാജാവിന്റെ വസ്ത്രം കരളാമോ, എലിയേ?" എന്നു ചോദിച്ചു. ഒരു കടലയ്ക്കുവേണ്ടി ഞാൻ രാജാവിന്റെ വസ്ത്രം കരളുകയില്ല എന്നു എലി മറുപടി പറഞ്ഞു.

പിന്നീടു കൊച്ചുകുട്ടൻ പൂച്ചയുടെ അടുക്കൽ ചെന്നു "എന്റെ കടല ഉമ്മറപ്പടിയുടെ ഇടയിൽ പോയി. ആശാരി പടി കുത്തിപ്പൊളിച്ചു കടല എടുത്തു തരുന്നില്ല. രാജാവു ആശാരിയേ ശിക്ഷിക്കുന്നില്ല. എലി രാജാവിന്റെ വസ്ത്രം കരളുന്നില്ല. എലി

യേ ചെന്ന പിടിയ്ക്കാമോ പൂച്ചേ?" എന്ന ചോദിച്ചു. ഒരു കടലയ്ക്കുവേണ്ടി എലിയേ പിടിക്കുകയില്ല എന്ന പൂച്ച മറുപടി പറഞ്ഞു.

കൊച്ചുകുട്ടൻ പിന്നീടു പട്ടിയുടെ അടുക്കൽ ചെന്നു:—"എന്റെ കടല ഉമ്മരപ്പുടിയുടെ ഇടയിൽ പോയി. ആശാരി പടികുത്തിപ്പൊളിച്ചു കടല എടുത്തു തരുന്നില്ല. രാജാവു ആശാരിയെ ശിക്ഷിക്കുന്നില്ല. എലി രാജാവിന്റെ വസ്ത്രം കരളുന്നില്ല. പൂച്ച എലിയെ പിടിക്കുന്നില്ല. ചക്കിപ്പൂച്ചയേ കടിക്കാമോ പട്ടി?" എന്ന ചോദിച്ചു. ഒരു കടലയ്ക്കുവേണ്ടി ഞാൻ പൂച്ചയെ കടിക്കുകയില്ല എന്ന പട്ടി മറുപടി പറഞ്ഞു.

പിന്നെ കൊച്ചുകുട്ടൻ വടിയുടെ അടുക്കൽ ചെന്ന് "എന്റെ കടല ഉമ്മരപ്പുടിയുടെ ഇടയിൽ പോയി. ആശാരി പടികുത്തിപ്പൊളിച്ചു കടല എടുത്തു തരുന്നില്ല. രാജാവു ആശാരിയെ ശിക്ഷിക്കുന്നില്ല. എലി രാജാവിന്റെ വസ്ത്രം കരളുന്നില്ല. പൂച്ച എലിയെ പിടിക്കുന്നില്ല. പട്ടി പൂച്ചയെ കടിക്കുന്നില്ല. പട്ടിയെ അടിയ്ക്കാമോ വടി?" എന്ന ചോദിച്ചു. ഒരു കടലയ്ക്കുവേണ്ടി ഞാൻ പട്ടിയെ അടിക്കുകയില്ല എന്ന വടി മറുപടി പറഞ്ഞു.

കൊച്ചുകുട്ടൻ പിന്നീടു തീയുടെ അടുക്കൽ ചെന്ന "എന്റെ കടല ഉമ്മരപ്പുടിയുടെ ഇടയിൽ പോയി. ആശാരി പടികുത്തിപ്പൊളിച്ചു കടല എടുത്തു തരുന്നില്ല. രാജാവു ആശാരിയെ ശിക്ഷിക്കുന്നില്ല. എലി രാജാവിന്റെ വസ്ത്രം കരളുന്നില്ല. പൂച്ച എലിയെ പിടിക്കുന്നില്ല. പട്ടി എലിയെ കടിക്കുന്നില്ല. വടി പട്ടിയെ അടിക്കുന്നില്ല. വടിയെ കരിയ്ക്കാമോ തീയേ?" എന്ന ചോദിച്ചു. ഒരു കടലയ്ക്കുവേണ്ടി ഞാൻ വടിയെ കരിയ്ക്കുകയില്ല എന്ന തീ മറുപടി പറഞ്ഞു.

പിന്നെ കൊച്ചുകുട്ടൻ വെള്ളത്തിന്റെ അടുക്കൽ ചെന്ന് "എന്റെ കടല ഉമ്മരപ്പുടിയുടെ ഇടയിൽ പോയി. ആശാരി പടികുത്തിപ്പൊളിച്ചു കടല എടുത്തു തരുന്നില്ല. രാജാവു ആശാരിയെ ശിക്ഷിക്കുന്നില്ല. എലി രാജാവിന്റെ വസ്ത്രം കരളുന്നില്ല. പൂച്ച എലിയെ പിടിക്കുന്നില്ല. പട്ടി പൂച്ചയെ കടിക്കുന്നില്ല. വടി പട്ടിയെ അടിക്കുന്നില്ല. തീ വടിയെ കരിക്കുന്നില്ല. തീ കെടുത്താമോ വെള്ളമെ?" എന്ന ചോദിച്ചു. ഒരു കടലയ്ക്കുവേണ്ടി ഞാൻ തീ കെടുത്തുകയില്ല എന്ന വെള്ളം മറുപടി പറഞ്ഞു.

കൊച്ചുകുട്ടൻ പിന്നീടു ആനയുടെ അടുക്കൽ ചെന്ന "എന്റെ കടല ഉമ്മരപ്പുടിയുടെ ഇടയിൽ പോയി. ആശാരി പടികുത്തിപ്പൊളിച്ചു കടല എടുത്തു തരുന്നില്ല. രാജാവു ആശാരിയെ ശിക്ഷിക്കുന്നില്ല. എലി രാജാവിന്റെ വസ്ത്രം കരളുന്നില്ല. പൂച്ച എലിയെ പിടിക്കുന്നില്ല. പട്ടി പൂച്ചയെ കടിക്കുന്നില്ല. വടി പട്ടിയെ അടിക്കുന്നില്ല. തീ വടി കരിക്കുന്നില്ല. വെള്ളം തീ കെടുത്തുന്നില്ല. വെള്ളം കലക്കാമോ ആനേ?" എന്ന ചോദിച്ചു. ഒരു കടലയ്ക്കുവേണ്ടി ഞാൻ വെള്ളം കലക്കുകയില്ല എന്ന ആന മറുപടി പറഞ്ഞു.

പിന്നീടു കൊച്ചുകുട്ടൻ കട്ടുറുമ്പിന്റെ അടുക്കൽ ചെന്ന "എന്റെ കടല ഉമ്മരപ്പുടിയുടെ ഇടയിൽ വീണു. ആശാരി പടികുത്തിപ്പൊളിച്ചു കടല എടുത്തു തരുന്നില്ല. രാജാവു ആശാരിയെ ശിക്ഷിക്കുന്നില്ല. എലി രാജാവിന്റെ വസ്ത്രം കരളുന്നില്ല. പൂച്ച എലിയെ പിടിക്കുന്നില്ല. പട്ടി പൂച്ചയെ കടിക്കുന്നില്ല. വടി പട്ടിയെ അടിക്കുന്നില്ല. തീ വടി കരിക്കുന്നില്ല. വെള്ളം തീ കെടുത്തുന്നില്ല. ആന വെള്ളം കലക്കുന്നില്ല. ആനയുടെ തുമ്പിക്കൈയിൽ കടിക്കാമോ കട്ടുറുമ്പേ?" എന്ന ചോദിച്ചു. "എനിക്കെന്തു തരും?" എന്ന കട്ടുറുമ്പു ചോദിച്ചു. "ഞാൻ നിനക്കു കുറച്ചു പഞ്ചസാര തരാം" എന്ന കൊച്ചുകുട്ടൻ മറുപടി പറഞ്ഞു. കൊച്ചുകുട്ടൻ കട്ടുറുമ്പിനു കുറച്ചു പഞ്ചസാര കൊടുത്തു. കട്ടുറുമ്പു ചെന്ന ആനയുടെ തുമ്പിക്കൈയിൽ കടിച്ചു.

ആന ചെന്നു വെള്ളം കലക്കി.
വെള്ളം ചെന്നു തീ കെടുത്തി.
തീ ചെന്നു വടി കരിച്ചു.
വടി ചെന്നു പട്ടിയെ അടിച്ചു.
പട്ടി ചെന്നു പൂച്ചയെ കടിച്ചു.
പൂച്ച ചെന്നു എലിയെ പിടിച്ചു.
എലി ചെന്നു രാജാവിന്റെ വസ്ത്രം കരണ്ടു.
രാജാവു ചെന്നു ആശാരിയെ ശിക്ഷിച്ചു.
ആശാരി ചെന്നു ഉമ്മരപ്പടി കുത്തിപ്പൊളിച്ചു കൊച്ചുകുട്ടനു കടലയ്ക്കാ എടുത്തു കൊടുത്തു. കൊച്ചുകുട്ടൻ സന്തോഷത്തോടു കൂടി അതു തിന്നുകയും ചെയ്തു.

കവിതാപങ്ക്തി

1. ഒരു വികൃതിച്ചെറുക്കൻ

(ഗാഥ)

പണ്ടൊരു നാളിലൊരാട്ടിടയന്നഹോ
ഉണ്ടായൊരാപത്തു കേട്ടുകൊൾവിൻ.
ആടു മേയ്ക്കുവാനായിട്ടാച്ചെറു ബാലകൻ
നാടുവിട്ടാട്ടിൻ കിടയുമായി.
കാട്ടുപ്രദേശത്തു നല്ല വയൽസ്ഥല-
ത്താട്ടിൻകിടകളെ മേച്ചിരുന്നു.
അപ്പോളുവനൊരു വിപ്പതി തോന്നീട്ട
ക്രൂകിവിളിച്ചവനത്യുച്ചത്തിൽ:—
"അയ്യോ! പുലി വരുന്നയ്യോ! പുലി വരു-
ന്നയ്യോ! വന്നെന്നെ സഹായിക്കുവിൻ."
എന്നതു കേട്ടയൽ പക്കക്കാരെല്ലാരും
നന്നായ് പരിഭ്രമിച്ചോടി വന്നാർ.
നേരമ്പോക്കായിട്ടബ്ബാലകനന്നേരം
പാരാതെ കൈകൊട്ടിയാർത്തുനിന്നു.
കൂട്ടി തൻ ഗോഷ്ടികൾ കണ്ടവരെല്ലാരുമേ
ഒട്ടുമേ വൈകാതെ പിന്തിരിഞ്ഞു.
വിപ്പതിക്കാരനാമച്ചെറു ബാലകൻ
ഇപ്രകാരം വീണ്ടും ചെയ്യോരിക്കൽ.
പിന്നീടൊരു ദിനം വൻപുലി നേരായി-
ത്തന്നെയവൻ മുമ്പിൽ വന്നിതപ്പോൾ.
നന്നായ് ഭയന്നവൻ ക്രൂകി വിളിച്ചിട്ടും
മുന്നേപ്പോലെന്നോർത്തു വന്നില്ലാരും.
ആകയാലപ്പുലി ആടുകളെയുമ-
ബ്ബാലകൻ തന്നെയും കൊന്നുതിന്നാൻ.
കള്ളം പറയുന്നോരുള്ളതു ചൊന്നാലും
തഥ്യമേയുള്ളിതു ലോകരെല്ലാം.

2. ഒരു അത്ഭുത ജീവി

"മാതവർ കുലത്തുതിത്ത" മട്ട്.

ഞാനൊരു തവള തന്നെ—നിങ്കൽ
മൗനമായിട്ടെൻ ചരിതം കേട്ടുകൊൾവിൻ:—
"കാലവർഷാരംഭത്തിങ്കൽ—എന്റെ
കോലൊമൊരു മുട്ടയായികിടന്നിരുന്നു.
മുട്ടയെന്നു കേട്ടാലുടനെ—കോഴി
മുട്ടയെപ്പോലെന്നു നിങ്കൽ ധരിക്കരുതെ.
കടുകോളം വലിപ്പമുള്ളൂ—ഒരു
മുട്ടമാത്രം, നിറത്തിലും കറുത്തതത്രെ.
കുട്ടമായ് ജലത്തിന്മീതെ—ആഴ്ച്ച
വട്ടം രണ്ടു പാർത്തശേഷം വിരിഞ്ഞിറങ്ങി.
ചെറിയോരു തലയും പിന്നെ—നീളം
ഏറിയോരു വാലും മാത്രം എനിക്കുണ്ടായി
ഒട്ടുനാൾ കഴിഞ്ഞശേഷം—എന്റെ
മുട്ടമാറി നീളമുള്ള പിൻകാൽ മുളച്ചു.
ചേലോടെ മുൻ കാലുകളും—വന്നു
വാലുപോകാതിരിക്കയാൽ നാണമായിട്ട്
കൂട്ടരോടൊത്തു പോകാതെ—മഹാ
വാട്ടമോടെ ജലത്തിൽ ഞാനൊളിച്ചിരുന്നു.
അല്പനാൾ കഴിഞ്ഞുടനെ—എന്റെ
നല്പുകെട്ട വാൽ മുഴുവൻ കുറുകിയല്ലോ.
അപ്പോൾ ഞാൻ കൂട്ടുകാരോടു—കൂടി
കൂപ്പുമായ് കരയിൽ പാപ്പു തുടങ്ങിയല്ലോ.
വെള്ളത്തിൽ നീന്തികളിപ്പാൻ—കൊതി-
യുള്ളതിനാൽ പതിവായ് ഞാൻ കുളത്തിൽ പോകും.
വെള്ളത്തിൽ നിന്നിയൊളിപ്പാൻ—എനി-
ക്കുള്ളതുപോൽ ത്രാണി മറ്റു ജീവികൾക്കില്ല.
ഈച്ച തുടങ്ങിയ വല—ചെറു
പൂച്ചികളെ നാക്കു നീട്ടി പിടിച്ചു തിന്നും.
നാക്കിനാൽ തീറ്റിയെടുപ്പാൻ—വേറെ
ആക്കുമിത്ര പ്രാപ്തിയില്ലെന്നറിഞ്ഞിടണം.
സൈരമായ് സ്ഥലജലത്തിൻ—മീതെ
ഒരുപോലെ തിരമായ് ഞാൻ വസിച്ചിട്ടുമേ.
അഴകോടങ്ങൊത്തൊരുമിച്ചു—ഞങ്കൽ
മുഴക്കീടും രവമതു കേട്ടാലുടനെ
ധരിക്കേണം വർഷമായെന്ന്—ഞാനൊ-
'രത്ഭുതമാം ജീവി'യല്ലേ ചൊല്ലുവിൻ നിങ്കൽ."

Sosamma Samuel.

3. കുസ്സലീല

കുസ്സനും ചങ്ങാതിമാരും കൂടി കന്നിനെ മേയ്ക്കുന്നതിന് കാട്ടിൽ പോകുക പതിവായിരുന്നു. അവിടെവച്ചുള്ള അവരുടെ വിനോദങ്ങളെപ്പറ്റിയാണ് ഈ വരികളിൽ വർണ്ണിച്ചിരിക്കുന്നത് :—

"ബാലകന്മാക്കുള്ള ലീലകളെക്കൊണ്ടു
ചാലക്കളിച്ചു നടന്നാ പിന്നെ :—
കേകികൾ കൂകുമ്പോൾ കൂകിത്തുടങ്ങിനാൾ
കോകിലം പാടുമ്പോൾ പാടുകയും :
പക്ഷികൾ പാറുമ്പോൾ ഛായപിടിപ്പാനി-
യാക്കമേയെല്ലാരുമോടിയോടി ;
അന്നങ്ങൾ പോലെ നടന്നതിൻ പിന്നാലെ
അന്നലെപ്പോലെ കരഞ്ഞു പിന്നെ
തൻ നിഴൽ തന്നോടും മാറൊലി തന്നോടും
നിന്നു കളിക്കയും പേശുകയും ;
വാനരം പാഞ്ഞു മരങ്ങളിലേറുമ്പോൾ
വാലേപ്പിടിച്ചു വലിച്ചും പിന്നെ."

കുസ്സഗാഥ.

പത്രാധിപരുടെ എഴുത്ത്

എന്റെ പ്രിയ കുട്ടികളെ,

ബാലമിത്രത്തിന്റെ പരിസംഖ്യ മൂൻകൂർ തന്നാൽ പിന്നിട്ട കടലാസു കിട്ടുന്നില്ലെന്നോ മറ്റോ പറഞ്ഞു മാസിക നിറുത്തിയേക്കുമെന്നു ചിലർക്കു ഭയമുള്ളതായി അറിയുന്നു. കടലാസിനു വില കൂടിയെന്നുള്ളതു ശരിതന്നെ. പക്ഷേ അടുത്ത ഒരു കൊല്ലത്തേക്ക് ആവശ്യമുള്ള കടലാസു മുഴുവൻ നമുക്കു മുമ്പുകൂട്ടി വാങ്ങിവയ്ക്കുവാൻ സാധിച്ചിട്ടുള്ളതുകൊണ്ടു കടലാസില്ലെന്നുള്ള കാരണംകൊണ്ടു മാസിക നിറുത്തേണ്ടതായി വരികയില്ല.

മത്സരപരീക്ഷകൾ ഇല്ലാത്തതു ബാലമിത്രത്തിനു് ഒരു പോരായ്മയായി പലരും പറയുന്നു. അതുകൊണ്ടു് ഈ ലക്കം മുതൽ ചെറിയ പരീക്ഷകൾ ചേർക്കുന്നു. നമ്മുടെ പരീക്ഷകൾക്കുള്ള സമ്മാനം പരിസംഖ്യ കൂടാതെ ബാലമിത്രം കൊടുക്കുന്നതു മാത്രമായിരിക്കും. മത്സരത്തിൽ വിജയികളാകുന്ന കുട്ടികൾക്കു തന്നെയോ അവർ നിർദ്ദേശിക്കുന്ന വേറെ ആർക്കെങ്കിലുമോ ബാലമിത്രം വിലകൂടാതെ അയയ്ക്കുന്നതാണ്.

ബാലമിത്രത്തിന്റെ വലിപ്പം കുറച്ചുകൂടി വർദ്ധിപ്പിക്കാൻ നിശ്ചയിച്ചിരിക്കയാണ്. വില വർദ്ധിപ്പിക്കണമെന്നു വിചാരിക്കുന്നില്ല. കുട്ടികളും ലേഖനങ്ങളെഴുതാൻ കൽപ്പുള്ള മുതിർന്നവരും ലേഖനങ്ങൾകൊണ്ടു ഞങ്ങളെ സഹായിക്കണമെന്നപേക്ഷിക്കുന്നു.

നമ്മുടെ വായനക്കാരുടെ സംഖ്യ വർദ്ധിപ്പിക്കാൻ കുട്ടികളൊക്കെ ശ്രമിക്കണേ. ആറോ അതിലധികമോ പ്രതികൾ ഒന്നിച്ചു് ആവശ്യപ്പെടുന്നവർക്കു പരിസംഖ്യയിൽ സാരമായ കുറവു ചെയ്യുന്നുണ്ടു്. കൂടുതൽ വിവരങ്ങൾക്കു കവർ രണ്ടാംപേജു നോക്കുക.

നിങ്ങളുടെ അവധിക്കാലം സന്തോഷകരമായിത്തീരാൻ ഞാൻ ആഗ്രഹിക്കുന്നു

പ്രഥമശുശ്രൂഷ ചെയ്യാൻ കുട്ടികളൊക്കെ ശീലിക്കണം. യുദ്ധം നമ്മെ അടുത്തുവന്നിരിക്കുന്ന ഈ കാലത്തു ധൈര്യത്തോടും ശാന്തതയോടും നാം അപകടങ്ങളോടു് എതിരിടാൻ ശീലിക്കണം.

നിങ്ങടുടെ അടുത്തു് പ്രഥമശുശ്രൂഷാക്ലാസ്സുകളോ, വിമാനാക്രമണമുൻകരുതലുകൾ ശീലിപ്പിക്കുന്ന ക്ലാസ്സുകളോ ഉണ്ടെങ്കിൽ അവയിൽ ചേർന്നു പഠിക്കുക.

സ്നേഹപൂർവ്വം നിങ്ങളുടെ പ്രിയപ്പെട്ട
പത്രാധിപർ.

Postal Reg. No. 1786.

Reg. No. T. 17.



Printed and Published by C. V. Matthew at the C. M. S. Press, Kottayam